2018 MARCH / VOL 1 / ISSUE 2 / PAGES 8 / PRICE ₹4:00


# FOOTSTEPS

AN EXCLUSIVE NEWSPAPER FOR HIGHER SECONDARY STUDENTS

www.footstepsonline.in



**2** വിദ്യാർഥികളെ മോഹിപ്പിക്കുന്ന സിവിൽ സർവീസ്

**3** ജേർണലിസം

**5** മാറ്റങ്ങൾ സാധ്യതകളിലേക്കുള്ള വഴിവിളക്കുകൾ

**7** കുട്ടികൾ ഇന്നും നല്ലവർ തന്നെ

**8** ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രീസ്


## കരിയറിന്റെ ദിശ നിർണയിക്കുമ്പോൾ

***എസ്. ജെ. കോട്ടായിൽ***

ഒരു വ്യക്തിയുടെ ജീവിതത്തിലെ അതിനിർണായകമായ വഴിത്തിരിവാണ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ കാലഘട്ടം. ഈ കാലഘട്ടത്തിലെടുക്കുന്ന ശരിയായ തീരുമാനങ്ങളാണ് ഭാവിയിൽ കാലിടറാതെ മുന്നോട്ട് പോകാൻ ഒരു വ്യക്തിയെ സഹായിക്കുന്നത്. ഏത് വിഷയങ്ങൾ തെരഞ്ഞെടുക്കണമെന്നും, കരിയർ പാത ഏത് ദിശയിലേക്കായിരിക്കണമെന്നുമെല്ലാം തീരുമാനിക്കുന്നത് ഒരു വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം തികച്ചും ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. ഇന്ന് നിലനിൽക്കുന്ന പ്രവചനാതീതമായ അനിശ്ചിതത്വങ്ങൾ ഈ ദൗത്യത്തിന്റെ സങ്കീർണത വർധിപ്പിക്കുകയും ചെയ്യുന്നു. ആരംഭദശയിൽ തന്നെ സ്വന്തം കഴിവുകൾക്കും, ജന്മവാസനകൾക്കും അനുയോജ്യമായ തൊഴിൽ രംഗം കണ്ടെത്തുകയും ആ ലക്ഷ്യത്തിലേക്ക് വ്യക്തമായ ദിശാബോധത്തോടെ മുന്നേറുകയും ചെയ്യുന്നവരാണ് ജീവിതത്തിൽ വിജയം കൈവരിക്കുന്നത്. സ്വന്തം അഭിരുചികൾക്കൊട്ടും ഇണങ്ങാത്ത തൊഴിൽ രംഗം തെരഞ്ഞെടുത്ത് അവയോട് പൊരുത്തപ്പെടാനാകാതെ പരാജയം കൈവരിക്കുന്ന പ്രൊഫഷണലുകളെ നാം ധാരാളം കാണുന്നുണ്ടല്ലോ. ഏത് കരിയർ സ്വീകരിക്കണമെന്നും, ഏത് വിഷയം തെരഞ്ഞെടുത്താലാണ് ലക്ഷ്യം സുഗമമാകുക എന്നെല്ലാം ഒറ്റയ്ക്ക് കണ്ടുപിടിക്കുവാനുള്ള കഴിവ് എല്ലാ വിദ്യാർഥികൾക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. അങ്ങനെയുള്ളവർക്ക് അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, മറ്റു കരിയർ വിദഗ്ധരുടെയും സഹായം തേടാവുന്നതാണ്. പക്ഷേ, ഉപദേശങ്ങൾ ആരിൽ നിന്ന് സ്വീകരിച്ചാലും അവയെ വസ്തുനിഷ്ഠമായി വിശകലനം ചെയ്ത് അന്തിമ തീരുമാനത്തിലെത്തുക എന്നുള്ളത് വിദ്യാർഥിയുടെ മാത്രം ഉത്തരവാദിത്തമാകുന്നു. മാത്രമല്ല, ഈ തീരുമാനം സ്വന്തം ജന്മവാസനകൾ, പഠിക്കാനായി തെരഞ്ഞെടുക്കുന്ന വിഷയങ്ങൾ, ഇവയോടനുബന്ധിച്ച് ലഭിച്ചേക്കാവുന്ന തൊഴിലവസരങ്ങൾ തുടങ്ങിയ ഘടകങ്ങളുമായി അന്യോന്യം പൊരുത്തപ്പെട്ടു പോകുന്നവയാണെന്ന് ഉറപ്പ് വരുത്തുകയും വേണം. കരിയർ പാത തെരഞ്ഞെടുക്കുമ്പോൾ സാമ്പത്തിക ലാഭമോ പദവിയുടെ ഔന്നത്യമോ സമൂഹത്തിലെ സ്വീകാര്യതയോ മാത്രം പരിഗണിക്കുന്ന രീതി ഒട്ടും അഭികാമ്യമല്ല. എല്ലായ്പോഴും മുൻഗണന കഴിവുകളും അഭിരുചികളുമായി തെരഞ്ഞെടുത്ത കരിയർ പാത പൊരുത്തപ്പെടുന്നോ എന്നുള്ളതിനായിരിക്കണം. ശാസ്ത്രീയ മാർഗങ്ങളിലൂടെ സ്വന്തം അഭിരുചികൾ അപഗ്രഥനം ചെയ്ത് കണ്ടെത്തുന്നതിനുള്ള മാർഗങ്ങളും, അഭിരുചികൾക്കിണങ്ങുന്ന വൈവിധ്യമാർന്ന കോഴ്സുകളും ഇന്ന് സുലഭമാണ്. ഇത്തരം വിവരങ്ങളുടെ നല്ലൊരു കലവറയാണ് ഇന്റർനെറ്റ്. പക്ഷേ, കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ....

**– രണ്ടാം പേജിൽ തുടരുന്നു.**



**ഫൂട്ട്സ്റ്റെപ്സ് ന്യൂസ്പേപ്പറിന്റെ പ്രകാശനകർമ്മം 2018 ഫെബ്രുവരി 22 ന് ഹോട്ടൽ മലബാർ പാലസിൽ (കോഴിക്കോട്) വച്ച് പ്രമുഖ ചരിത്രകാരൻ ഡോ.എം.ജി.എസ്. നാരായണൻ, പ്രശസ്ത ജേർണലിസ്റ്റ് ശ്രീ കുഞ്ഞിക്കണ്ണൻ വാണിമേലിനു നൽകിക്കൊണ്ടു നിർവഹിച്ചു.**

## ഏതു കോഴ്സിനും ചേരാമോ ?

**– ഫാ.റോയ് തേക്കുംകാട്ടിൽ**

***തൊഴിലാളികൾ ഇല്ലാത്ത തൊഴിൽശാല, അതാണ് ഭാവിയിലെ വ്യവസായങ്ങൾ. റോബോട്ടുകൾ മാത്രം ജോലി ചെയ്യുന്ന ജപ്പാനിലെ Henn-na ഹോട്ടലും ചൈനയിൽ ഒരു തൊഴിലാളിപോലും ഇല്ലാത്ത King Mao തുറമുഖവും അതിനുദാഹരണങ്ങളാണ്.***

ആഗോളവത്കൃത യുഗത്തിൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന് അതിരുകളില്ല. വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുകയറ്റം വിദ്യാഭ്യാസ വിജ്ഞാന മേഖലയ്ക്ക് ഏറെ കരുത്ത് പകർന്നിട്ടുണ്ട്. യോജിച്ച ഒരു കരിയർ തെരഞ്ഞെടുക്കുക എന്നത് അത്യന്തം ക്ലേശകരമായ ഒരു കാര്യമാണ്. നല്ല ഒരു കരിയർ എന്ന പ്രയോഗം തെറ്റാണ്. അവനവന്റെ അഭിരുചിയ്ക്ക് അനുയോജ്യമായത് തെരഞ്ഞെടുക്കുക എന്നതാണ് ശരി. ഓരോ വ്യക്തിയും സവിശേഷമായ കഴിവുകളുമായിട്ടാണ് പിറന്നു വീഴുന്നത്. അവരിലോരോരുത്തരിലും അനന്തമായ സാധ്യതകൾ മറഞ്ഞു കിടപ്പുണ്ട്. അതിന് അനുയോജ്യമായ കരിയർ തെരഞ്ഞെടുക്കുക എന്നതാണ് ജീവിതവിജയത്തിന്റെ അടിസ്ഥാനം. എല്ലാവർക്കും അനുയോജ്യമായ കോഴ്സുകൾ ഇന്ന് ലഭ്യമാണ്. ലോകപ്രശസ്തമായ ഹാർവാർഡ്, സ്റ്റാൻഫോർഡുപോലുള്ള യൂണിവേഴ്സിറ്റികൾ പോലും സൗജന്യമായി എല്ലാവർക്കും ലോകത്തെവിടെയും പഠിക്കാൻ സാധിക്കുന്ന രീതിയിൽ Massive Open Online Courses (MOOC) നടത്തുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകളായ Robotics, Artificial intelligence, Automation എന്നിവയുടെ ചുവടുപിടിച്ച് ഒരു നിശ്ശബ്ദ വ്യവസായ വിപ്ലവം ലോകത്തെങ്ങും അരങ്ങേറുകയാണ്. പഴയ വ്യവസായ വിപ്ലവം തൊഴിൽരഹിതരെ തൊഴിലുള്ളവരാക്കി വ്യവസായശാലകളിൽ എത്തിച്ചെങ്കിൽ പുതിയ വിപ്ലവം തൊഴിലുള്ളവരെ തൊഴിൽരഹിതരാക്കും. തൊഴിലാളികൾ ഇല്ലാത്ത തൊഴിൽശാല, അതാണ് ഭാവിയിലെ വ്യവസായങ്ങൾ. റോബോട്ടുകൾ മാത്രം ജോലി ചെയ്യുന്ന ജപ്പാനിലെ Henn-na ഹോട്ടലും ചൈനയിൽ ഒരു തൊഴിലാളിപോലും ഇല്ലാത്ത King Mao തുറമുഖവും അതിനുദാഹരണങ്ങളാണ്. ഇന്നും ലോകമെങ്ങും കമ്പനികൾ പ്രതീക്ഷിക്കുന്നത് തൊഴിലാളികളുടെ പരിപൂർണ വിധേയത്വമാണ്. ഓരോ തൊഴിലാളിയും കഴുത്തിലണിയുന്ന സോഷ്യോ മെട്രിക് ബാഡ്ജിന്റെ സഹായത്തോടെ നിരന്തരം നിരീക്ഷിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്നു. ആഗോള മാർക്കറ്റിങ് കൺസൾട്ടന്റ് കമ്പനി ആയ മക്കിൻസി (Mckinsey) യുടെ 2017 ജനുവരിയിലെ റിപ്പോർട്ട് പ്രകാരം ഇന്നുള്ള തൊഴിലാളികളുടെ 50 ശതമാനം അടുത്ത 10 വർഷത്തിനുള്ളിൽ അപ്രത്യക്ഷമാകും. സേവനമേഖലകളിലെ തൊഴിൽ സാധ്യത വലിയ മാറ്റമില്ലാതെ തുടരും. നാം ഒരു കോഴ്സ് തെരഞ്ഞെടുക്കുമ്പോൾ ഇപ്പോഴത്തെ സാധ്യതകളല്ല പരിഗണിക്കേണ്ടത്. ഭാവിയിൽ ഈ കോഴ്സിന്റെ സാധ്യതകൾ വിലയിരുത്തണം.

***********

(ഒന്നാം പേജിൽ നിന്ന് തുടർച്ച.....)

ഇന്റർനെറ്റിനെ മാത്രം ആശ്രയിക്കുന്നത് പലപ്പോഴും അപകടത്തിലേക്ക് നയിച്ചേക്കാം. അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വെബ്സൈറ്റുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എല്ലായ്പോഴും നൂറ് ശതമാനം ശരിയായി കൊള്ളണമെന്നില്ല ഇവയുടെ ആധികാരികത മറ്റു സ്രോതസ്സുകളിലൂടെ വിലയിരുത്തി ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രമേ സ്വീകരിക്കാവൂ. ഇതിന് പുറമെ പ്രൊഫഷണൽ കോഴ്സുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട നിയന്ത്രണ ഏജൻസികളുടെ (ഉദാ:- മെഡിക്കൽ കൗൺസിൽ, നഴ്സിങ്ങ് കൗൺസിൽ തുടങ്ങിയവ) അംഗീകാരവും കൂടി ഉറപ്പു വരുത്തേണ്ടതുണ്ട്. വേഗതയാണ് ആധുനിക ബിസിനസ്സ് ലോകത്തിന്റെ പുത്തൻ കറൻസി. എത്രയും വേഗത്തിൽ നിങ്ങളുടെ ലക്ഷ്യവും, ദിശയും നിർണയിക്കുവാൻ കഴിയുന്നുവോ അത്രയും വേഗത്തിൽ നിങ്ങൾക്ക് ലക്ഷ്യപ്രാപ്തിയിലെത്താം.

## നാറ്റ രജിസ്ട്രേഷൻ കഴിഞ്ഞവർക്ക്

നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (National Aptitude Test in Architecture) പരീക്ഷയ്ക്കു രജിസ്ട്രേഷൻ കഴിഞ്ഞവർ കൂടുതൽ വിവരങ്ങൾക്ക് www.coa.gov.in/www.nata.in എന്നീ വെബ്സൈറ്റുകൾ സന്ദർശിച്ചാൽ മതി. പരീക്ഷ മൂന്നു മണിക്കൂറായിരിക്കും.

കണക്ക്/അഭിരുചി എന്നീ വിഷയങ്ങളിലെ മൾട്ടിപ്പിൾ ചോയ്സ് ഒബ്ജക്ടീവ് ചോദ്യങ്ങളും കടലാസിൽ വരച്ച് ഉത്തരം നൽകേണ്ട രണ്ടു ചോദ്യങ്ങളുമുണ്ട്. ഐ ഐ ടി, എൻ ഐ ടി, സ്കൂൾസ് ഓഫ് പ്ലാനിങ് ആൻഡ് ആർക്കിടെക്ചർ തുടങ്ങിയ സ്ഥാപനങ്ങൾ ജെ ഇ ഇ യുടെ ഭാഗമായി തനതായി പരീക്ഷ നടത്തിയാണ് ആർക്കിടെക്ചർ ബിരുദത്തിന് പ്രവേശനം നൽകുന്നത്.

### മാത്തമാജിക്ക്

– പി. എൻ. റാവു

40 വർഷങ്ങൾക്ക് മുമ്പ് ഞാനും എന്റെ രണ്ടു സുഹൃത്തുക്കളും കൂടി ഒരു റെസ്റ്റോറന്റിൽ കയറി ഭക്ഷണം കഴിച്ചു. ബില്ല് 30 രൂപയായി. ഓരോരുത്തരും 10 രൂപ വീതമെടുത്ത് വെയ്റ്റർ 30 രൂപ കാഷ്യർക്ക് നൽകി. കാഷ്യർ 5 രൂപ ഇളവുനൽകി. ഈ 5 രൂപ മൂന്ന് പേർക്ക് സമമായി വീതിക്കാൻ കഴിയാത്തതിനാൽ വെയ്റ്റർക്ക് 2 രൂപ കൊടുത്ത് ബാക്കി 3 രൂപ മൂന്നു പേരും വീതിച്ചെടുത്തു. അപ്പോൾ കണക്കു പ്രകാരം മൂന്ന് പേർക്ക് ചെലവായത് 27 രൂപ. വെയ്റ്റർക്ക് കൊടുത്തത് 2 രൂപ. ആകെ 29 രൂപ. ഒരു രൂപ എവിടെപ്പോയി ?

ഉത്തരം: ഒരു രൂപ എവിടെയും പോയില്ല. കണക്കു കൂട്ടാൻ സ്വീകരിച്ച രീതി തെറ്റായതു കൊണ്ടാണ് അങ്ങനെ തോന്നിയത്. കാഷ്യർക്ക് കിട്ടിയത് 25 രൂപ. മൂന്ന് പേർക്ക് കൂടി തിരിച്ച് കിട്ടിയത് 3 രൂപ. വെയ്റ്റർക്ക് കൊടുത്തത് 2 രൂപ. ആകെ 30 രൂപ.

# വിദ്യാർഥികളെ മോഹിപ്പിക്കുന്ന സിവിൽ സർവീസ്

ഒരിക്കൽ പ്ലസ് ടു വിനു പഠിക്കുന്ന ഒരു പെൺകുട്ടിയോട് ഭാവിയിൽ ആരാകാൻ ആഗ്രഹിക്കുന്നുവെന്ന് ചോദിച്ചപ്പോൾ അവൾ ഉത്തരം പറഞ്ഞത് ഒരു ഐ എ എസ് കാരിയാകണം എന്നായിരുന്നു. അതിനുള്ള കാരണമെന്തെന്ന് ആരാഞ്ഞപ്പോൾ കലക്ടർ ആകണമെന്നു പറഞ്ഞു. കലക്ടർക്ക് വിപുലമായ അധികാരമുണ്ടെന്നും ജനങ്ങൾക്കു വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നും അവൾ വിവരിച്ചു. അധികാരത്തിന്റെ വില മനസ്സിലാക്കിയവരും അതിലൂടെ ജനങ്ങൾക്കുതകുന്ന വിധം സേവനം നടത്താൻ ഏറ്റവും അനുയോജ്യമായതാണ് സിവിൽ സർവീസ് എന്നും ധാരാളം വിദ്യാർഥികൾ കരുതുന്നു. ചിട്ടയായ പരിശീലനത്തിലൂടെ, നിരന്തരമായ പരിശ്രമത്തിലൂടെ സാധാരണക്കാർക്കും നേടാൻ കഴിയുന്നതാണ് സിവിൽ സർവീസ്. ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ള 21 നും 32 നും ഇടയിൽ വയസ്സുള്ളവർക്കാണ് സിവിൽ സർവീസ് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നത്.

ഒ ബി സി, പട്ടിക, അംഗ പരിമിത വിഭാഗങ്ങൾക്ക് ഉയർന്ന പ്രായ പരിധിയിൽ ഇളവുണ്ട്.

പ്രിലിമിനറി, മെയിൻ, ഇന്റർവ്യൂ എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണ് സിവിൽ സർവീസ് പരീക്ഷയ്ക്കുള്ളത്. പ്രിലിമിനറി പരീക്ഷയ്ക്ക് ഒബ്ജക്ടീവ് മാതൃകയിലുള്ള രണ്ടു പേപ്പറുകളുണ്ടാകും. രണ്ടിനും 200 മാർക്കു വീതം. പേപ്പർ ഒന്നിൽ പൊതുവായ പഠനവും രണ്ടിൽ ഇംഗ്ലീഷ്, ഗണിതം എന്നിവയുമായിരിക്കും. പേപ്പർ ഒന്നിലെ മാർക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവേശനം നിശ്ചയിക്കുന്നത്. എന്നാൽ പേപ്പർ രണ്ടിൽ മിനിമം 33 ശതമാനം മാർക്ക് നേടേണ്ടതുണ്ട്. മെയിൻ പരീക്ഷയ്ക്ക് ഒൻപത് പേപ്പറുകളുണ്ട്.

പേപ്പർ എ: ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള മലയാളമടക്കമുള്ള ഏത് ഇന്ത്യൻ ഭാഷയും.

പേപ്പർ ബി: ഇംഗ്ലീഷ്. പേപ്പർ എ, ബി എന്നിവയിൽ യോഗ്യത തെളിയിക്കാനുള്ള മാർക്ക് മതി. തുടർന്നുള്ള ഏഴ് പേപ്പറുകൾക്ക് ഓരോന്നിനും 250 മാർക്ക് വീതം ഉണ്ടായിരിക്കും.

പേപ്പർ ഒന്ന്: ഉപന്യാസം.

പേപ്പർ രണ്ട്: ജനറൽ സ്റ്റഡീസ് – 1 (ഭാരതീയ പൈതൃകം, സംസ്കാരം, ലോക ചരിത്രം, ഭൂമിശാസ്ത്രം)

പേപ്പർ മൂന്ന്: ജനറൽ സ്റ്റഡീസ്–2 (ഗവേർണൻസ്, ഭരണക്രമം, സാമൂഹിക നീതി, ഭരണഘടന, രാജ്യാന്തര ബന്ധങ്ങൾ).

പേപ്പർ നാല്: ജനറൽ സ്റ്റഡീസ് –3 (പരിസ്ഥിതി, ജൈവ വൈവിധ്യം, ഡിസാസ്റ്റർ മാനേജ്മെന്റ്, ടെക്നോളജി, സമ്പത്ത് വികസനം)

പേപ്പർ അഞ്ച്: ജനറൽസ്റ്റഡീസ് – 4 (ധർമശാസ്ത്രം,അഭിരുചി, സത്യസന്ധത).

പേപ്പർ ആറ് :
ഐച്ഛിക വിഷയം പേപ്പർ – 1

പേപ്പർ ഏഴ് :
ഐച്ഛിക വിഷയം പേപ്പർ – 2

എഴുത്തു പരീക്ഷയുടെ വിഷയങ്ങളാണ് മേൽ കൊടുത്തിരിക്കുന്നത്. ഇതിന് ആകെ 1750 മാർക്ക് ഉണ്ട്.

### ഇന്റർവ്യൂ

മെയിൻ പരീക്ഷയിൽ മികച്ച മാർക്ക് നേടിയവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. 275 മാർക്കാണ് ഇന്റർവ്യൂവിനുള്ളത്. ആകെ 2025 മാർക്കാണ് റാങ്കിങ്ങിനു പരിഗണിക്കുന്നത്. ജനറൽ വിഭാഗക്കാർക്ക് 6 തവണ വരെ പരീക്ഷ എഴുതാവുന്നതാണ്. മറ്റു വിഭാഗങ്ങൾക്ക് ഇക്കാര്യത്തിൽ ഇളവുകളുണ്ട്.

കേരളത്തിൽ പ്രിലിമിനറി പരീക്ഷയ്ക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സെന്ററുകളുണ്ട്.

*******

## വാട്ട്സാപ്പിൽ അയച്ചത് പിൻവലിക്കാൻ

വാട്ട്സാപ്പിൽ അയച്ച സന്ദേശങ്ങൾ പിൻവലിക്കാൻ നിലവിൽ ഏഴു മിനിട്ടായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അതിന്റെ സമയ ദൈർഘ്യത വളരെ വർധിപ്പിച്ചിരിക്കുകയാണ്. 68 മിനിട്ടും 16 സെക്കന്റുമാണ് ഇപ്പോൾ ഉപയോഗപ്പെടുത്താവുന്ന സമയം. ഇതുവഴി വീഡിയോ, ഫോട്ടോ, സന്ദേശങ്ങൾ എന്നിവ ഒഴിവാക്കണമെന്നു തോന്നിയാൽ അതിനു സാവകാശം ലഭിക്കുന്നു. ഉപഭോക്താക്കൾക്ക് ഇത് വലിയ ആശ്വാസമാണ്.

**ഒഴിവാക്കാനുള്ള വഴി:**

* വാട്ട്സാപ്പിൽ നിന്നും ഒഴിവാക്കേണ്ട സന്ദേശം തെരഞ്ഞെടുക്കുക.
* ചാറ്റിൽ അമർത്തുക.
* മെനുവിൽ നിന്ന് ഡിലീറ്റ് തെരഞ്ഞെടുക്കുക.
* ഡിലീറ്റ് ഫോർ എവരിവൺ അമർത്തുക.

ഇതോടെ അയച്ച സന്ദേശം ഒഴിവാകും.

+1, +2 വിദ്യാർഥികൾക്ക്
ഉപന്യാസ മത്സരം

**'എന്റെ സ്വപ്നത്തിലുള്ള ജോലി'**
**(My Dream Job)**

നമുക്കെല്ലാവർക്കും ഭാവിയിൽ ആരാകണമെന്ന് ഒരു സ്വപ്നമുണ്ട്. ഈ വിഷയത്തെ ആസ്പദമാക്കി രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസമെഴുതുക. ഏറ്റവും മികച്ചതിന് 1000, 750, 500 രൂപ സമ്മാനം നൽകുന്നതാണ്.

അയക്കേണ്ട അവസാന തീയതി: ഏപ്രിൽ 30

**രചനകൾ അയക്കേണ്ട വിലാസം:**
Editor, Footsteps
Blessed Chavara Building, Chungam,
West Hill, Calicut - 673005
Mob: 8078000111




Vacation Classes

**Basic Training in Table Manners & Etiquettes.**

Practical Oriented Training
Duration: 1 Day (Inclusive of Lunch)
@ Attractive Fees

***Hospitality Consultant: Mr. N G Menon***

For Further details:
Email: menon@alphonsacollege.com
Web: www.alphonsacollege.com
**Mob: 9400696969, 9400929292**

# നന്നായി പഠിച്ചു പക്ഷേ.....

– അനുഷ

പരീക്ഷാക്കാലം എന്നത് അസുഖങ്ങളുടെയും മാനസിക സംഘർഷങ്ങളുടെയും കാലമാണ്. ഈ സമയം കുട്ടികളിൽ കണ്ടുവരുന്ന ഇത്തരം പ്രശ്നങ്ങളുടെ പ്രധാന കാരണം പരീക്ഷയോടുള്ള പേടി തന്നെയാണ്. "നന്നായി പഠിച്ചാലും പരീക്ഷാസമയത്ത് അതൊന്നും ഓർമയിൽ വരുന്നില്ല", ഇത് 99 ശതമാനം കുട്ടികളുടെയും പ്രധാന പ്രശ്നമാണ്. നന്നായി പഠിക്കുന്ന കുട്ടികളിൽ പോലും മറവി ഒരു പ്രധാന പ്രശ്നമാണ്. പരീക്ഷാക്കാലങ്ങളിൽ കുട്ടികളെ പേടിപ്പെടുത്തുന്ന മറവിയെ കീഴടക്കി ഉന്നത വിജയം കരസ്ഥമാക്കാനുള്ള കുറച്ചു വിദ്യകൾ നമുക്കു നോക്കാം.

*** റിവിഷൻ (Revision) :**

റിവിഷൻ തന്നെയാണ് ഏറ്റവും പ്രധാനമായി ചെയ്യേണ്ടത്. ഓരോ ദിവസവും പഠിക്കുന്ന പാഠഭാഗങ്ങൾ തുടർച്ചയായി വായിക്കുക.

*** നോട്ട് പ്രിപ്പറേഷൻ (Note Preparation):**

ഓരോ പാഠങ്ങളിലെയും പ്രധാനപ്പെട്ട ഭാഗങ്ങൾ കണ്ടെത്തി മനസ്സിലാക്കാവുന്ന രീതിയിൽ നോട്ട്സ് എഴുതി തയ്യാറാക്കുക.

*** ഫ്ളാഷ് കാർഡ്സ് (Flash Cards):**

വിവിധ നിറത്തിലുള്ള കാർഡുകൾ ഉണ്ടാക്കി ഒരു വശത്ത് ഒരു തലക്കെട്ടും (Heading) മറ്റൊരു വശത്ത് അതിന്റെ വിശദീകരണവും എഴുതി തയ്യാറാക്കുക. ഇത് ഒഴിവു സമയങ്ങളിൽ വായിക്കാൻ ഉപയോഗിക്കാം.

*** ചങ്കിങ് (Chunking):**

ഏറ്റവും കൂടുതൽ മറന്നു പോകുന്ന പാഠഭാഗങ്ങളെ ഒരു ഗ്രൂപ്പാക്കുക. അതിലെ പ്രധാന ഭാഗങ്ങൾ കണ്ടെത്തി ചുരുക്കി എഴുതുക. ഇത് പാഠഭാഗത്തെ വേഗത്തിൽ മനസ്സിലാക്കിയെടുക്കാൻ സഹായിക്കും.

പഠിക്കുന്ന കാര്യങ്ങൾ പെട്ടെന്ന് ഓർത്തെടുക്കാൻ പറ്റുന്ന സംഭവങ്ങളും, വസ്തുക്കളുമായും ബന്ധിപ്പിച്ചു പഠിക്കുന്നത് പാഠഭാഗങ്ങൾ വേഗം ഓർമയിൽ കൊണ്ടുവരാൻ സഹായിക്കും.

രാത്രി ഉറങ്ങുന്നതിനു മുൻപ് പഠിച്ച കാര്യങ്ങൾ, അല്ലെങ്കിൽ പഠിക്കാൻ ബുദ്ധിമുട്ടുള്ള പാഠങ്ങൾ ഒരു തവണ ഒന്നു വായിച്ചു കിടന്നാൽ അടുത്ത ദിവസം 90 ശതമാനവും ആ പാഠഭാഗം ഓർത്തെടുക്കാൻ സാധിക്കും.

തുടർച്ചയായ ആവർത്തനവും പഠിക്കുന്ന കാര്യങ്ങൾ ഓർമയിൽ നിലനിറുത്താൻ സഹായിക്കും.

പഠിക്കുന്ന സമയങ്ങളിൽ മറ്റു പ്രശ്നങ്ങൾ മനസ്സിൽ കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

പരീക്ഷയ്ക്ക് ഒരു ദിവസം മുൻപു തന്നെ പഠനം പൂർത്തിയാക്കുക.

പരീക്ഷാസമയങ്ങളിൽ മനസ്സിനെ സ്വസ്ഥമാക്കി വയ്ക്കുക.

കുട്ടികളുടെ മനസ്സിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യാനും, അവർക്ക് പഠിക്കാൻ വേണ്ട സമാധാന അന്തരീക്ഷം ഉണ്ടാക്കാനും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. പരീക്ഷയെ സന്തോഷത്തോടുകൂടി അഭിമുഖീകരിക്കുക. ഉന്നതവിജയം കരസ്ഥമാക്കുക.

***എല്ലാ കൂട്ടുകാർക്കും ആശംസകൾ.***

# അനുസരണം

– ഗുരുജി

''അനുസരണം വിജയത്തിന്റെ മാതാവും സുരക്ഷിതത്വത്തിന്റെ ഭാര്യയുമാണ്" എന്ന ഗ്രീക്ക് പഴമൊഴിയുണ്ട്. അനുസരണം അഥവാ അനുസരണ ശീലം നമ്മുടെ സദ്സ്വഭാവത്തിന്റെ ഒരു ലക്ഷണമാണ്.
നമ്മുടെ വിജയവും നന്മയും കാംക്ഷിക്കുന്നവർ ആരുതന്നെയായാലും അവരുടെ വാക്കുകൾ നാം അനുസരിക്കണം.

അനുസരണശീലത്തിന് പ്രായവ്യത്യാസങ്ങളോ ലിംഗഭേദങ്ങളോ ബാധകമല്ല. ജാതിമതഭേദങ്ങളും ബാധകമല്ല. രക്ഷിതാക്കളെയും അധ്യാപകരെയും അധികാരികളെയും അതുപോലെ തന്നെ എല്ലാ മുതിർന്നവരെയും അനുസരിക്കൽ നമ്മുടെ ഏവരുടെയും കടമയുടെ ഭാഗമാണ്. നമ്മളെക്കാൾ അനുഭവങ്ങളും അറിവും ഉള്ളവർ പറയുന്ന ഓരോ കാര്യങ്ങളും അനുസരിക്കുന്നത് എപ്പോഴും നല്ലതുതന്നെ എന്നുള്ളതിൽ സംശയമൊന്നും വേണ്ട. അനുസരിക്കുക എന്നുള്ളത് താഴ്ന്നു കൊടുക്കുക, കീഴടങ്ങുക എന്നൊക്കെയാണോയെന്ന് സംശയിക്കുന്നവരും ഇല്ലാതില്ല. ഈ സംശയം വെറും തെറ്റിധാരണ മാത്രമാണ്. നമ്മുടെ ലക്ഷ്യപ്രാപ്തിക്കും സർവോന്മുഖ അഭിവൃദ്ധിക്കും അനുസരണ ശീലം ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ശീലമാണെന്നും കുലീനമായ ഈ ശീലം അഥവാ ഗുണം, മാനുഷിക പ്രവൃത്തികളുടെ വിജയത്തിന്റെ ചവിട്ടുപടിയാണെന്നും മറക്കാതിരിക്കുക. അനുസരണശീലമില്ലാത്തവൻ ഒരിക്കലും വിജയത്തിലെത്താറില്ലെന്നും മറക്കരുത്.

# NOSE FOR NEWS

– ബീന ബാജി

എന്തു ചെയ്യുന്നു ?
'ഞാൻ ഒരു പത്രപ്രവർത്തകനാണ്'
'ഞാനൊരു ഡോക്ടറാണ്'
'ഞാനൊരു എൻജിനീയറാണ്'
'ഞാനൊരു ചാർട്ടേഡ് അക്കൗണ്ടന്റാണ്'

ഈ ചോദ്യവും ഉത്തരവും ഏകദേശം അഞ്ച്, ആറ് വർഷം കഴിയുമ്പോൾ ഏതൊരു പ്ലസ് ടു വിദ്യാർഥിയും അഭിമുഖീകരിക്കേണ്ടതാണ്. പ്ലസ് ടു വിനുശേഷം കുട്ടികൾ എടുക്കുന്ന തീരുമാനങ്ങളാണ് അവരെ ഭാവിയിൽ ആരായിത്തീരും എന്ന് നിശ്ചയിക്കുന്നത്.

**ജേർണലിസം (Journalism)**

അഭിവൃദ്ധി നേടിയ ഇന്നത്തെ സമൂഹത്തിൽ ജോലി സാധ്യതയുള്ള വളരെയധികം കോഴ്സുകൾ നിലവിലുണ്ട്. അതിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു കോഴ്സ് തന്നെയാണ് ജേർണലിസം അഥവാ പത്രപ്രവർത്തനം. പത്രങ്ങൾ, മാസികകൾ, ആഴ്ചപ്പതിപ്പുകൾ, ടി.വി, സോഷ്യൽ മീഡിയ എന്നിവയ്ക്കു വേണ്ട റിപ്പോർട്ടുകൾ തയ്യാറാക്കുക, അവ എഡിറ്റ് ചെയ്യുക, പ്രൂഫ് വായിക്കുക എന്നിവയൊക്കെയാണ് ഇതുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രധാന ജോലികൾ. എല്ലാ മാധ്യമങ്ങളും പ്രത്യേകിച്ചു ടി.വി, മൊബൈൽ, സിനിമ എന്നിവ കൗമാരപ്രായക്കാരിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. എന്തും വായിക്കുന്ന ശീലവും, രാഷ്ട്രീയ, സാമൂഹിക കാര്യങ്ങളെക്കുറിച്ചുള്ള അവബോധവും അത് മറ്റുള്ളവരിലേക്ക് എത്തിക്കാൻ പറ്റിയ രചനാപ്രതിഭയും വാക്ചാതുര്യവും ഉണ്ടെങ്കിൽ ഏതു കുട്ടിക്കും യോജിച്ച മേഖലയാണിത്.
പത്രത്താളുകളിലും ടി.വി. പരിപാടികളിലും തിളങ്ങുന്ന ചിലരെ കാണുമ്പോൾ പലപ്പോഴും ചിന്തിച്ചിട്ടില്ലേ, ഞാനും ഇങ്ങനെ ആകുമെന്ന് !

**വഴികൾ എന്തൊക്കെ ?**

പ്ലസ് ടു വിനുശേഷം ജേർണലിസത്തിന്റെ ഡിഗ്രി കോഴ്സിനു ചേരുകയാണ് പത്രപ്രവർത്തകനാകാനുള്ള ആദ്യപടി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒട്ടനവധി കോളേജുകളിൽ ജേർണലിസം ഡിഗ്രി കോഴ്സുകളുണ്ട്. ചില കോളേജുകളിൽ മാസ്റ്റർ ഡിഗ്രി കോഴ്സുകളും ഉണ്ട്. പ്രസ്സ് ക്ലബുകൾ നടത്തുന്ന ഡിപ്ലോമ കോഴ്സുകളും ഇപ്പോൾ നിലവിലുണ്ട്. പത്രങ്ങൾ കൂടാതെ ടി.വി ജേർണലിസം, ഫോട്ടോ ജേർണലിസം, ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസം (അന്വേഷണാത്മക പത്രപ്രവർത്തനം), ഫ്രീലാൻസ് ജേർണലിസം, ഫോറിൻ കറസ്പോണ്ടന്റ്, ഫിലിം ക്രിട്ടിക്സ്, സോഷ്യൽ മീഡിയയിലെ എഴുത്ത്, ഡിജിറ്റൽ ഫാഷൻ, സ്പോർട്സ് മാഗസിനുകൾ എന്നിങ്ങനെ നിങ്ങളുടെ അഭിരുചിക്കനുസരിച്ച് നിരവധി മേഖലകളിൽ ജേർണലിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ സാധിക്കും.

**ഒരു പത്രപ്രവർത്തകനു വേണ്ട ഗുണങ്ങൾ**

"അവളൊരു ആകാശവാണിയാ"
"എന്ന് ലാൽ ജോസിന്റെ ക്യാമ്പസ് ചിത്രമായ "ക്ലാസ്സ്മേറ്റ്സ്"ൽ ഒരു കഥാപാത്രത്തെക്കുറിച്ച് പറയുന്നുണ്ട്. അതാണ് NOSE FOR NEWS. കാണുന്നതും കേൾക്കുന്നതും ഒരു ന്യൂസ് ആക്കാനുള്ള വൈഭവം. NEWS എന്ന വാക്കിന് വടക്ക് (North) കിഴക്ക് (East) പടിഞ്ഞാറ് (West) തെക്ക് (South) എന്നൊരു അർഥം കൂടിയുണ്ട്. നാല് അതിരുകളിലെ ന്യൂസ് കണ്ടെത്താനുള്ള കഴിവ്.

- ആകാംക്ഷ (Curiosity)
- സത്യസന്ധത (Honesty)
- പേടിയില്ലായ്മ (Fearless)
- ദയ (Kind)
- വിശ്വസ്തത (Trust worthy)
- നിരന്തര പ്രയത്നം (Perseverance)
- അതിയായ ആഗ്രഹം (Passionate)

എന്നീ ഗുണങ്ങൾ നല്ലൊരു ജേർണലിസ്റ്റിന് ആവശ്യമാണ്.

**പ്രവൃത്തി പരിചയം**

നിങ്ങളുടെ സ്കൂളിലെ കൈയെഴുത്തു മാസികയിലോ സോവനീയറിലോ പ്രവർത്തിക്കാൻ അവസരം കിട്ടിയിട്ടുണ്ടെങ്കിൽ അതൊരു നല്ല പ്രവൃത്തി പരിചയമാണ്.

കലോത്സവങ്ങളിൽ സർഗാത്മക മേഖലകളിൽ പങ്കെടുത്തിട്ടുണ്ടോ ? സമ്മാനങ്ങൾ നേടിയിട്ടുണ്ടോ, വായനശീലമുണ്ടോ, പത്രവായനയുണ്ടോ, നല്ലൊരു വാഗ്മിയാണോ? എങ്കിൽ തയ്യാറായിക്കൊള്ളൂ ജേർണലിസം നിങ്ങൾക്കു പറ്റിയ പണിയാണ്. മനോരമ ചാനലിലെ ഒരു ഷാനി പ്രഭാകരനോ മാതൃഭൂമി ചാനലിലെ ഒരു വേണുവോ ഒക്കെ ആയി നിങ്ങളും നാലു പേരറിയുന്ന ഒരു ജേർണലിസ്റ്റായി തിളങ്ങട്ടെ!!

*******

FOOTSTEPS

Printed Published and Edited by Shibu Joseph Kottayil, Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam P.O, Chevayur, Calicut, Kerala – 673017. Printed at Redstar Printers and Publishers, 4/551, Joseph Road, Calicut, Kerala – 673032. Place of publication : Blessed Chavara Building, Chungam, West Hill P.O, Calicut, Kerala 673005.

**RNI Ref. No. 1308292, Title Code KERMAL 16130.**

Footsteps - ലക്കം രണ്ട്

*പ്രിന്റർ, പബ്ലിഷർ & എഡിറ്റർ* : **ഷിബു ജോസഫ് കോട്ടായിൽ**

*ചീഫ് എഡിറ്റർ* : **സണ്ണി കോക്കാപ്പിള്ളിൽ 9446890744**

*എഡിറ്റോറിയൽ ബോർഡ്* : **സുധാകരൻ എം., എൻ.ജി. മേനോൻ, അനുരാധ ടി.കെ, കൃപകുമാർ, വിഷ്ണുപ്രിയ, ജോസ് ജോൺ**

*സർക്കുലേഷൻ മാനേജർ* : **ജോസ് ജോൺ പേരയിൽ 9400020022**

*സർക്കുലേഷൻ കോ-ഓർഡിനേറ്റർ* : **അശോക് അബ്രഹാം 8547038333**

*ലീഗൽ അഡ്വൈസർ* : **അഡ്വ. സെബാസ്റ്റ്യൻ സി.എച്ച്**

*ഡിസൈനർ* : **ആദിത്യ**

വിലാസം :

Footsteps, Bl. Chavara Building, Chungam, West Hill P.O., Kozhikode, Kerala 673005,
**Ph. 8078000111**
Email: footstepspublisher@gmail.com, **www. footstepsonline.in**

# ഫിംഗർ പ്രിന്റ് ഡിപ്ലോമ പരീക്ഷ



വിരലടയാളത്തിലെ ഡിപ്ലോമ പരീക്ഷ ഡിപ്ലോമ തലത്തിലുള്ള ഫോറൻസിക് സയൻസ്, റെക്കോർഡ്സ്, ഡവലപ്മെന്റ് ടെക്നിക്സ്, കംപ്യൂട്ടറിന്റെ സഹായത്തോടെയുള്ള വിലയിരുത്തൽ മുതലായവ ഉൾപ്പെടുന്നു. കോഴ്സിന് പ്ലസ് ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാവുന്നതാണ്. ലോ എൻഫോർസ്മെന്റ് ഏജൻസികൾ സർക്കാർ സ്വകാര്യ കുറ്റാന്വേഷണ സ്ഥാപനങ്ങൾ, പോലീസ് ലീഗൽ സംവിധാനങ്ങൾ എന്നിവിടങ്ങളിലാണ് ഫിംഗർ പ്രിന്റ് ഡിപ്ലോമക്കാർക്ക് ജോലിസാധ്യതയുള്ളത്. സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളുമായി ബന്ധപ്പെട്ട ഫോറൻസിക് ലാബിലും, കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളിൽ അധ്യാപകരായും ജോലി നേടാവുന്നതാണ്. ഫോറൻസി പാത്തോളജി മെഡിസിന് ചേരാനും അവസരമുണ്ട്. ഇതിനു പുറമെ ഫോറൻസിക് സയൻസ് ലാബുകൾ, ഡി എൻ എ ടെസ്റ്റ് ലാബുകൾ, പോലീസ് ഡിപ്പാർട്ട്മെന്റ്, ക്രൈം ഡിറ്റക്ടിങ് ഏജൻസികൾ, യൂണിവേഴ്സിറ്റികൾ, കോളേജുകൾ തുടങ്ങിയവയൊക്കെ ജോലി സാധ്യതയുള്ള മേഖലയാണ്.

# പ്രശ്ന പരിഹാരത്തിന് രണ്ടു ഫോൺ നമ്പറുകൾ

ആരോഗ്യവുമായി ബന്ധപ്പെട്ട ശാരീരിക, മാനസിക, വൈകാരിക പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം ലഭിക്കുന്ന രണ്ടു ഫോൺ നമ്പറുകൾ നാം ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ദിശ എന്ന പേരിൽ കേരള ആരോഗ്യ വകുപ്പിലെ മുഴുവൻ ഹെൽത്ത് ഓഫീസർമാരെയും ബന്ധിപ്പിച്ചിട്ടുള്ള ഒരു നെറ്റ്വർക്ക് ശൃംഖലയാണിത്. 24 മണിക്കൂറും ഇതിന്റെ സേവനം ലഭ്യമാണ്. ഉദാഹരണമായി, ഒരാൾക്ക് ഹാർട്ട് അറ്റാക്ക് വന്നു, അല്ലെങ്കിൽ അസമയത്ത് ഗർഭിണിയായ ഒരു സ്ത്രീക്ക് ആരോഗ്യ പ്രശ്നം ഉണ്ടാകുന്നു, ചെറിയ കുഞ്ഞുങ്ങൾക്ക് ഉണ്ടാകാവുന്ന നിരവധി പ്രശ്നങ്ങൾ ഇവയ്ക്കൊക്കെ വിദഗ്ധരായ ഡോക്ടർമാരുടെ മറുപടിയും, പരിഹാര നിർദേശങ്ങളും ലഭിക്കുന്നതാണ്. പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പീഡനങ്ങൾ എന്നിവയിലൊക്കെ കൃത്യമായ ഉത്തരം നിർദേശിക്കുന്ന കേരള സർക്കാരിന്റെ ഈ പദ്ധതിയെ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുക.

നമ്പറുകൾ:
DISHA: 0471 2552056
Toll free 1056

# എഡിറ്റോറിയൽ

അഭിരുചിക്കിണങ്ങിയ ഒരു കോഴ്സിന് പ്രവേശനം കിട്ടുക, ഇഷ്ടമുള്ള ജോലിയിൽ പ്രവേശിക്കുക എന്നതൊക്കെ പലർക്കും ഒരു സ്വപ്നമാണ്. വിവിധ മേഖലകളിലായി നൂറുകണക്കിനു കോഴ്സുകൾ ഉണ്ടെന്നിരിക്കേ വിരലിലെണ്ണാൻ മാത്രം കോഴ്സുകളെ സംബന്ധിച്ചാണ് പല കുട്ടികൾക്കും അറിവുള്ളത്. അപ്പോൾ തെരഞ്ഞെടുപ്പ് വളരെ ചുരുങ്ങിപ്പോകുന്നു. ഓരോ വർഷവും നിലവിലുള്ള തൊഴിൽ മേഖലകൾ വ്യത്യസ്തമായിക്കൊണ്ടിരിക്കുകയാണ്. ചില തൊഴിലുകൾ ഇല്ലാതാവുകയും പുതിയ തൊഴിലുകൾ രൂപപ്പെടുകയും ചെയ്യുന്നു. അതോടനുബന്ധിച്ച് നൂതനമായ കോഴ്സുകളും ആരംഭിക്കുന്നു. പ്ലസ് ടു കഴിയുമ്പോൾ കുട്ടികൾ അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തെപ്പറ്റി അതായത് ഏതു കോഴ്സിനു ചേരണം എന്നതിനെക്കുറിച്ച് വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

സാഹചര്യങ്ങളാണ് ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത്. സ്വാഭാവികമായി എല്ലാവരും നല്ലവരാണ്. ചിലരിലെങ്കിലും കുറ്റവാസനകൾ രൂപപ്പെടുന്നുണ്ടെങ്കിൽ ബോധവത്കരണത്തിന്റെയും ശിക്ഷണത്തിന്റെയും അഭാവം അവിടെ ഉണ്ടാകും. മുൻ പോലീസ് സൂപ്രണ്ടും ഇപ്പോൾ ഹൈക്കോർട്ടിലെ അഡ്വക്കേറ്റുമായ ശ്രീ.പ്രദീപ്കുമാർ സി.എം കുറ്റവാസനകൾ രൂപപ്പെടാനുള്ള സാഹചര്യങ്ങളും അവയെ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നും അഭിമുഖത്തിലൂടെ വിവരിക്കുന്നത് ഇപ്രാവശ്യത്തെ പ്രത്യേകതയാണ്. ശരിയായ അന്വേഷണവും പഠനവും നടത്തി വേണം ഓരോരുത്തരും ചേരാനുള്ള കോഴ്സ് തെരഞ്ഞെടുക്കേണ്ടത്. അവിടെ വീഴ്ച പറ്റിയാൽ സമയ നഷ്ടം, ധന നഷ്ടം തുടങ്ങിയവ ഉണ്ടാകും. തൊഴിലിന്റെ വൈവിധ്യം നാം മനസ്സിലാക്കുകയും വേണം.

ചില സ്വപ്ന കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാതെ വന്നാൽ അതിൽ നിരാശപ്പെടേണ്ട കാര്യമില്ല. ഏതു യോഗ്യതയ്ക്കനുസരിച്ചും തൊഴിലുകൾ ഉണ്ട്. ഒരു സ്ഥാപനത്തിൽ വിവിധ തലങ്ങളിലുള്ള ധാരാളം തൊഴിലുകളുണ്ട്. നമ്മൾ നേടുന്ന യോഗ്യതക്കനുസരിച്ചുള്ള തൊഴിൽ അന്വേഷിക്കാമെങ്കിലും എപ്പോഴും അതു ലഭിക്കണമെന്നില്ല. പ്രത്യേകിച്ചും വിദേശത്ത് തൊഴിൽ തേടുമ്പോൾ ഇഷ്ട തൊഴിലുകൾക്ക് സാധ്യത കുറവുമാണ്. അതുകൊണ്ട് ഒരു കോഴ്സിനു ചേരുമ്പോൾ അതുമായി ബന്ധപ്പെട്ട അനേകം കാര്യങ്ങളെക്കുറിച്ച് കുറെയൊക്കെ മനസ്സിലാക്കണം.

വർഷങ്ങൾക്കു മുമ്പ് എസ് എസ് എൽ സി മാത്രം യോഗ്യതയുള്ള ഒരു വ്യക്തിയോട് എന്താകാൻ ആഗ്രഹിക്കുന്നു എന്നു ചോദിച്ചു. ഒരു പ്യൂൺ ആകാൻ എന്നായിരുന്നു അയാളുടെ മറുപടി. ഏതാണ്ട് രണ്ടു വർഷം കഴിഞ്ഞപ്പോൾ ഒരു സ്കൂളിലെ പ്യൂണായി അയാൾക്ക് നിയമനം ലഭിച്ചു. പിന്നീട് പ്രൊമോഷനിലൂടെ സ്കൂളിൽ ക്ലാർക്കായി. ഇപ്പോൾ സന്തോഷകരമായി ജീവിതം മുന്നോട്ടു നയിക്കുന്നു. ഏതു ജോലിക്കും അതിന്റേതായ മഹത്വമുണ്ട്.

തൊഴിലിന്റെ ഉയർന്ന നിലകളല്ല ജീവിതത്തിൽ ആനന്ദം പകരുന്നതെന്ന കാര്യം മറക്കരുത്. അഭിരുചിക്കനുസരിച്ചുള്ള കോഴ്സും തൊഴിലും ജീവിതത്തിന് ആസ്വാദ്യത നൽകുമെന്നത് തീർച്ചയാണ്.

കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ ഒന്നാം സ്ഥാനം അതിനായിരിക്കണം. വേതനം കിട്ടുന്ന തൊഴിൽ മാത്രമാകരുത് നമ്മുടെ ലക്ഷ്യം. അനേകം സംരംഭങ്ങൾക്കും നേതൃത്വം വഹിക്കാവുന്നതാണ്. അങ്ങനെ പലരുടെയും തുടക്കങ്ങളിൽ നിന്നാണ് ഇന്നു നാം കാണുന്ന നിരവധി തൊഴിൽ സ്ഥാപനങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. പുതിയതായി എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളതായിരിക്കട്ടെ ഓരോരുത്തരുടെയും സ്വപ്നം.

***സണ്ണി കോക്കാപ്പിള്ളിൽ***
*ചീഫ് എഡിറ്റർ*

**Form IV**

Statement of ownership and other particulars about Newspaper

**FOOTSTEPS**

| | | |
|---|---|---|
| 1. Place of Publication | : | Blessed chavara building, Chungam, West Hill (P.O), Calicut – 673005 |
| 2. Periodicity of its publication | : | Monthly |
| 3. Printers Name | : | Shibu Joseph Kottayil |
| Nationality | : | Indian |
| Address | : | Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam (P.O), Chevayur – 673017, Calicut – Kerala. |
| 4. Publisher's Name | : | Shibu Joseph Kottayil |
| Nationality | : | Indian |
| Address | : | Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam (P.O), Chevayur – 673017, Calicut – Kerala. |
| 5. Editors Name | : | Shibu Joseph Kottayil |
| Nationality | : | Indian |
| Address | : | Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam (P.O), Chevayur – 673017, Calicut – Kerala |
| 6. Owners Name | : | Individual |

I, Shibu Joseph Kottyail hereby declare that the particulars given above are true to the best my knowledge and belief.

Sd /
Publisher




സുധാകരൻ എം.



മാനേജ്മെന്റ് വിഷയങ്ങളിൽ വിസിറ്റിങ് പ്രൊഫസറും അറിയപ്പെടുന്ന കോർപ്പറേറ്റ് ട്രെയിനറുമാണ് ലേഖകൻ. ഫോൺ: 8891355446


# മാറ്റങ്ങൾ സാധ്യതകളിലേക്കുള്ള വഴിവിളക്കുകൾ

**ബി**സിനസ്സ് നടത്തിപ്പിൽ വന്നു ചേർന്ന വൻ മാറ്റങ്ങളെക്കുറിച്ചും അവ തൊഴിൽ വിപണിയിൽ സൃഷ്ടിച്ച പ്രതിഫലനങ്ങളെക്കുറിച്ചുമാണല്ലോ കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചത്.

നൂതനസാങ്കേതിക വിദ്യകളുടെ ഫലമായി വളർന്നു വരുന്ന പല വിജ്ഞാനശാഖകളും അഭൂതപൂർവമായ അവസരങ്ങളാണ് കാഴ്ച വയ്ക്കുന്നത്. ഐ.ഒ.ടി (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്), എ.ഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) 3 ഡി പ്രിന്റിങ്, റോബോട്ടിക്സ് തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. അടിസ്ഥാന ബിരുദം എന്നുള്ളത് ഇന്ന് തൊഴിൽ വിപണിയിലേക്കുള്ള ഒരു പ്രവേശന പാസ്സ് മാത്രമാണ്.



അനുദിനം ആവിർഭവിച്ചു കൊണ്ടിരിക്കുന്ന പുത്തൻ വിജ്ഞാനശാഖകളിൽ നൈപുണ്യം കരസ്ഥമാക്കാനുള്ള നിരവധി മാർഗങ്ങൾ ഇന്ന് നിലവിലുണ്ട്. MOOCS എന്ന ചുരുക്ക പേരിലറിയപ്പെടുന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ച വയ്ക്കുന്നത്. MOOCS ലൂടെ പല വൻകിട യൂണിവേഴ്സിറ്റികളും നടത്തുന്ന കോഴ്സുകളിൽ പലതും തികച്ചും സൗജന്യമാണെന്നുള്ളത് ഇവയുടെ ആകർഷണീയത വർധിപ്പിക്കുന്നു.

അടുത്ത ഒരു ദശാബ്ദത്തിനുള്ളിൽ തന്നെ ഇന്ന് നിലവിലുള്ള വെള്ളക്കോളർ ജോലികളിൽ അൻപത് ശതമാനവും അപ്രത്യക്ഷമാകുമെന്നാണ് പല ആധികാരിക പഠനങ്ങളും അസന്ദിഗ്ധമായി പ്രസ്താവിക്കുന്നത്.

മെക്കൻസി (Mc Kinsey) യുടെ ഒരു സർവേ പ്രവചിക്കുന്നത്, നിർമാണമേഖലയിലെ 59 ശതമാനവും റീട്ടെയിൽ മേഖലയിലെ 53 ശതമാനവും വെൽഡിങ്, കട്ടിങ് തുടങ്ങിയ മേഖലയിലെ 90% വും തൊഴിൽ വരുന്ന 15-20 വർഷങ്ങൾക്കുള്ളിൽ തന്നെ അപ്രത്യക്ഷമാകുമെന്നാണ്. ഇന്ന് നിലവിലില്ലാത്തതും, ഭാവിയിൽ ഉരുത്തിരിഞ്ഞേക്കാവുന്നതുമായ ജോലികൾക്ക് വേണ്ടിയാണ് ഇന്നത്തെ യുവതലമുറ തയ്യാറെടുക്കേണ്ടത് എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ തൊഴിൽവിപണിയിൽ കരിയറിനെക്കുറിച്ചു പറയുമ്പോൾ വ്യാപകമായി ഉപയോഗിക്കുന്ന ഒരു പദമാണ് 'പ്രോട്ടിയൻ' കരിയർ എന്നത്. പ്രോട്ടിയസ് എന്നത് ഒരു ഗ്രീക്ക് ദേവതയാണ്. സാഹചര്യങ്ങൾക്കനുസരിച്ച് സ്വന്തം രൂപത്തിൽ മാറ്റം വരുത്താൻ കഴിവുള്ള ഒരു കടൽദേവത. പ്രോട്ടിയസിന്റെ ഈ കഴിവാണ് ഉദ്യോഗാർഥികളിൽ നിന്നും ഇന്നത്തെ തൊഴിൽ വിപണി പ്രതീക്ഷിക്കുന്നത്. പരമ്പരാഗത കരിയറിൽ നിന്നും പ്രോട്ടിയൻ കരിയറിനെ വ്യത്യസ്തമാക്കുന്നത് അത് ഉൾക്കൊള്ളുന്ന താഴെ പറയുന്ന ഘടകങ്ങളാണ്.

1.തൊഴിൽ വിപണിയെ തുടർച്ചയായി വിലയിരുത്തുക.
2.ഭാവി സംഭവവികാസങ്ങളെയും, വ്യവസായത്തിൽ സംഭവിക്കാവുന്ന നിർണായക വ്യതിയാനങ്ങളെയും മുൻകൂട്ടി കാണുക.
3.ഈ വ്യതിയാനങ്ങളെ ഫലപ്രദമായി നേരിടുവാനാവശ്യമായ യോഗ്യതകളും, വൈദഗ്ധ്യവും കരസ്ഥമാക്കുക.
4.നിരന്തരം മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയുമായി അതിവേഗം പൊരുത്തപ്പെട്ട് വിജയം കൈവരിക്കുക.

1976 ൽ ഉടലെടുത്ത പ്രോട്ടിയൻ കരിയർ എന്ന ആശയം ഇന്നത്തെ സാഹചര്യത്തിൽ അത്യധികം പ്രാധാന്യമർഹിക്കുന്നു. ഇന്ന് ഗൂഗിളിനെപ്പോലെയുള്ള പല വൻകിട കമ്പനികളും ഉദ്യോഗാർഥിയുടെ വിദ്യാഭ്യാസ യോഗ്യതയോ, വിജ്ഞാനമോ മാത്രമല്ല പരീക്ഷിക്കുന്നത്. നേടിയ വിജ്ഞാനം കൊണ്ട് ഉദ്യോഗാർഥിക്ക് കമ്പനിക്കു വേണ്ടി എന്ത് ചെയ്യാൻ കഴിയും എന്നാണ് അവർ പരിശോധിക്കുന്നത്. ജീവനക്കാരിലെ ക്രിയാത്മകത്വം(Creativity) ആണ് ഈ സ്ഥാപനങ്ങളെ മുന്നോട്ടു നയിക്കുന്നത്. അതുകൊണ്ടു തന്നെ അക്കാദമിക് നിലവാരത്തിന്റെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന പല ഉദ്യോഗാർഥികളും തിരസ്കരിക്കപ്പെടുമ്പോൾ, സർഗാത്മകത്വത്തിൽ സമ്പന്നരായ ഉദ്യോഗാർഥികൾ തെരഞ്ഞെടുക്കപ്പെടുന്നു.

ഇന്നത്തെ മാറിയ സാഹചര്യത്തിൽ ടെക്സ്റ്റുബുക്കുകളിൽ ഒതുങ്ങിനിൽക്കുന്ന വിജ്ഞാനം കൊണ്ടു മാത്രം പ്രയോജനമില്ല. വിജ്ഞാനം പ്രായോഗിക തലത്തിൽ പ്രയോഗിച്ച് തൊഴിലുടമകൾക്ക് മൂല്യവർധന നേടിക്കൊടുക്കുവാൻ കഴിയുന്ന ഉദ്യോഗാർഥികൾക്കേ രക്ഷയുള്ളൂ.

ബിസിനസ്സിന്റെ തത്ത്വശാസ്ത്രവും, നിയമസംഹിതകളും, അതിരുകളുമെല്ലാം ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ തൊഴിലുടമകൾ ഉദ്യോഗാർഥികളിലും പ്രതീക്ഷിക്കുന്നത് സ്വാഭാവികമാണ്. വിജ്ഞാനം ഏത് ശാഖയിലായിരുന്നാലും, കർമമേഖല ഏത് തന്നെയായാലും തൊഴിലുടമകൾ, തൊഴിലന്വേഷകരിൽ നിന്നും പ്രതീക്ഷിക്കുന്ന ചില പൊതു ഗുണങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് താഴെ കുറിക്കുന്നു.

1.ആശയവിനിമയ ശേഷി (Communication Skill)

മറ്റെന്തൊക്കെ യോഗ്യതകളുണ്ടെങ്കിലും, സ്വന്തം ആശയങ്ങൾ വ്യക്തമായും കൃത്യമായും മറ്റുള്ളവരിലേക്ക് പകർന്നു നൽകാനുള്ള കഴിവില്ലാത്ത ഉദ്യോഗാർഥി ഒരു സ്ഥാപനത്തിനും അനുയോജ്യനായിരിക്കുകയില്ല. കരിയറിന്റെ ഓരോ പടവ് കയറുമ്പോഴും, ആശയവിനിമയശേഷിയുടെ ആവശ്യകത വർധിച്ചുകൊണ്ടേയിരിക്കും.

2.ഊഷ്മളമായ വ്യക്തി ബന്ധങ്ങൾ സൃഷ്ടിക്കുവാനും നിലനിറുത്തുവാനുമുള്ള കഴിവ് (Inter personal relationship)

ഇന്ന് ഏത് സ്ഥാപനത്തിലായാലും വ്യക്തികളെക്കാൾ പ്രാധാന്യം ടീമുകൾക്കാണ്. ശരിയായ പെരുമാറ്റരീതികളിലൂടെ സഹപ്രവർത്തകർ, ഉപഭോക്താക്കൾ, മറ്റു ഇടപാടുകാർ തുടങ്ങിയവരെല്ലാവരുമായി ആരോഗ്യകരമായ വ്യക്തിബന്ധങ്ങൾ നിലനിറുത്തുവാൻ കഴിവുള്ള ഉദ്യോഗാർഥികളെയാണ് ഇന്ന് തൊഴിൽദാതാക്കൾ തേടുന്നത്.

3.വൈകാരികമായ പക്വത (Emotional Stability)

ഇന്ന് ഉദ്യോഗാർഥിയുടെ ബൗദ്ധിക നിലവാരത്തെ(Intelligence quotient) ക്കാൾ പ്രാധാന്യം കല്പിക്കപ്പെടുന്നത് വൈകാരിക നിലവാരത്തി(Emotional quotient)നാണ്.

4.സ്വതന്ത്രമായി ജോലി ചെയ്യാനുള്ള ശേഷി (Self directed or self motivated)

മേലുദ്യോഗസ്ഥരുടെ മേൽനോട്ടത്തിന് കാത്തു നിൽക്കാതെ, ശരിയായ സമയത്ത് ശരിയായ രീതിയിൽ ശരിയായ തീരുമാനങ്ങളെടുത്ത് സ്വയം മുന്നോട്ടു പോകുന്ന ഉദ്യോഗാർഥികളെയാണ് ഇന്നാവശ്യം.

5.സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു പോകുവാനുള്ള കഴിവ്. (Adaptability)

സാഹചര്യങ്ങളോട് സർഗാത്മകമായി പ്രതികരിക്കുവാനും, ഒഴുക്കിനൊത്ത് നീന്തുവാനും കഴിവുള്ളവരായിരിക്കണം ഇന്നത്തെ ഉദ്യോഗാർഥികൾ. പിടിവാശികൾക്ക് തൊഴിൽ രംഗത്ത് ഒട്ടും പ്രസക്തിയില്ല. അയവുള്ള സമീപനമാണ് (Flexibility) ഇന്ന് എല്ലാ മേഖലകളിലും ആവശ്യം.

6.പ്രശ്നപരിഹാരത്തിനുള്ള കഴിവ് (Problem solving skills)

ദിനങ്ങൾ കഴിയും തോറും ബിസിനസ്സ് രംഗം കൂടുതൽ സങ്കീർണമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രശ്നങ്ങളുടെ എണ്ണവും, വ്യാപ്തിയും വർധിക്കുന്നു. പ്രശ്നങ്ങളെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുവാനും സമയോചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയുന്ന ഉദ്യോഗാർഥികളെയാണ് തൊഴിലുടമകൾക്കാവശ്യം.

# എന്ത് പഠിച്ചാലും പ്രധാനം എംപ്ലോയബിലിറ്റി



എം. വി. സക്കറിയ
(P.R.O., Calicut University)

"**ബി**.എസ്.സി മാത്തമാറ്റിക്സ് പാസ്സായ ഒരാൾക്ക് തൊട്ടടുത്ത വർഷം തന്നെ ബാങ്കിൽ ഓഫീസർ ജോലി കിട്ടി. അതിനാൽ ബി.എസ്.സി മാത്തമാറ്റിക്സ് നല്ലൊരു കോഴ്സാണ്!" "ഇംഗ്ലീഷ് ബിരുദമെടുത്ത ഒരാൾക്ക് സിവിൽ സർവീസിലെത്താൻ സാധ്യമായി. ഇംഗ്ലീഷിനല്ലേ ഉഗ്രൻ സ്കോപ്പ്! എന്നാൽ എം എസ് സി സുവോളജിയും ബി എഡും പാസ്സായി വർഷം നാലായിട്ടും മറ്റൊരാൾക്ക് ജോലിയൊന്നുമായില്ല." "ഈ സുവോളജിയൊക്കെ പഠിച്ചിട്ട് എന്താ കാര്യം !! ആ കുട്ടിയെ കണ്ടില്ലേ, ഒരു ജോലിയും കൂലിയുമില്ലാതെ നടക്കുന്നു." ഈ തരത്തിലാണ് ചിലരുടെ ചിന്തയുടെ പോക്ക് !! ജനറലൈസേഷൻ !! ബി ടെക് കഴിഞ്ഞ ചിലർക്ക് ക്യാമ്പസ് പ്ലേസ്മെന്റിലൂടെ കിട്ടിയ ജോലിക്ക് ലഭിച്ച വാർഷിക ശമ്പളം കോടിയിലേറെ രൂപയായിരുന്നു ! മാസക്കണക്കിന് നോക്കിയാൽ ദശലക്ഷമോ അതിലധികമോ കിട്ടുന്നു. മറ്റു ചിലർക്ക് അത്രയൊന്നുമില്ലെങ്കിലും മോശമല്ലാത്ത ജോലികൾ അതിവേഗം ലഭിച്ചു. കൂടുതൽ ശമ്പളവും ആനുകൂല്യങ്ങളും സൗകര്യങ്ങളുമെല്ലാമുള്ള മറ്റു കമ്പനികളിലേക്ക് അവരിൽ പലരും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ മറ്റനേകം ബി ടെക്കു കാരാവട്ടെ, പഠിച്ചിറങ്ങി മാസങ്ങൾക്കു ശേഷവും തൊഴിൽരഹിതരായിത്തന്നെ കഴിഞ്ഞുകൂടുന്നതിന്റെ ദയനീയമായ അവസ്ഥ നാം ദിവസേന പത്രങ്ങളിലൂടെ അറിയുകയും ചെയ്യുന്നു. യോഗ്യതക്കനുസരിച്ച് കിട്ടാവുന്നതിൽ ഏറ്റവും മികച്ച ജോലി അനായാസേന ലഭിക്കാൻ ഒരാൾക്കുള്ള കഴിവാണ് ഇക്കാര്യത്തിൽ നിർണായകമാവുന്നത്. ഈ കഴിവിനെയാണ് ഇവിടെ എംബ്ലോയബിലിറ്റി അഥവാ തൊഴിൽക്ഷമത എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. പഠിച്ച കോഴ്സ് ഏതായിരുന്നാലും തൊഴിൽ ലഭിക്കുന്നതിന് പഠിതാവിന്റെ എംബ്ലോയബിലിറ്റി മാത്തമാറ്റിക്സോ, ഹിസ്റ്ററിയോ, ഇക്കണോമിക്സോ, ഇംഗ്ലീഷോ, എഞ്ചിനീയറിംഗോ, മലയാളമോ, ബയോടെക്നോളജിയോ.... ഏതെങ്കിലുമൊരു വിഷയം പഠിച്ച് പതിനായിരക്കണക്കിനു പേർ ഓരോ വർഷവും ബിരുദവുമായി പുറത്തിറങ്ങുന്നു. ഇതിൽ ചിലർ അത്യുന്നതമായ സിവിൽ സർവീസിൽ പ്രവേശിച്ച് ഗവൺമെന്റ് സെക്രട്ടറിയും ജില്ലാ കളക്ടറും പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡിയും മറ്റുമായിത്തീരുന്നു. വേറെ ചിലർക്ക് അത്രയൊന്നും എത്തിപ്പിടിക്കാനായില്ലെങ്കിലും മധ്യശ്രേണിയിലുള്ള ഏതെങ്കിലുമൊക്കെ ഗവൺമെന്റ് സർവീസിലോ, ഭേദപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളി




ലോ, ബാങ്കിലോ എത്തിപ്പെടാൻ സാധ്യമാകുന്നു. ചിലർ ബാങ്കിൽ ഓഫീസറാകുമ്പോൾ മറ്റു ചിലർ ക്ലാർക്കായിത്തീരുന്നു.
ബിരുദം യോഗ്യതയായ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, പി. എസ്. സി അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ ജോലി നേടാൻ ചിലർക്ക് സാധ്യമായി. കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ പരീക്ഷയെഴുതി കേന്ദ്ര സർവീസിലാണ് ഇനിയൊരു വിഭാഗം. ചിലർക്കാവട്ടെ എസ്. എസ്. എൽ. സി നിലവാരത്തിലുള്ള എൽ ഡി ക്ലാർക്കായി നിയമനം നേടാൻ പോലും നീണ്ട കാത്തിരിപ്പ് വേണ്ടി വരുന്നു. പിഎച്ച്ഡി കരസ്ഥമാക്കിയ ചിലർ പോലും കേവലം എഴുത്തും വായനയും മാത്രമറിഞ്ഞാൽ മതിയാവുന്ന ക്ലാസ്ഫോർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് പലപ്പോഴും വാർത്തയാകുന്നു. ഇവരിൽ ചിലരൊക്കെ അതുപോലും നേടാനാവാതെ കഷ്ടത അനുഭവിക്കുകയും ചെയ്യുന്നു.
ഇക്കൂട്ടരെ ഒഴിവാക്കാനായി അധികൃതർ തന്നെ ബിരുദധാരികളെ ലാസ്റ്റ് ഗ്രേഡ് നിയമന പരിധിയിൽ നിന്ന് ഒഴിവാക്കുന്ന അവസ്ഥയുമുണ്ട്. ബിരുദത്തിനുശേഷം എംബിഎയ്ക്ക് ശ്രമം നടത്തിയ ചിലർക്ക്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ കിട്ടുകയും അവിടെ നിന്ന് ക്യാമ്പസ് പ്ലേസ്മെന്റിലൂടെ മികച്ച ജോലി കരസ്ഥമാക്കാൻ സാധ്യമാവുകയും ചെയ്തു. ഈ പ്രവേശനത്തിനുള്ള കടുത്ത മത്സര പരീക്ഷയായ കോമൺ അഡ്മിഷൻ ടെസ്റ്റിൽ മികച്ച സ്കോർ നേടാൻ കഴിയാതിരുന്നവർക്കാവട്ടെ എക്സിറ്റ് വാല്യൂ കുറവായ മറ്റേതെങ്കിലുമൊക്കെ സ്ഥാപനത്തിൽ ചേരേണ്ടി വരുകയും വലിയ നേട്ടങ്ങൾ അപ്രാപ്യമാവുകയും ചെയ്തു.
ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലി ലഭിക്കാതിരുന്ന പലരും പാരലൽ കോളേജുകളിൽ അധ്യാപകരായി അഭയം തേടി (മിടുക്കർക്ക് അതൊരു ഇടത്താവളം മാത്രമായിരുന്നു).
ചെറുകിട സ്ഥാപനങ്ങളിൽ എണ്ണായിരമോ പതിനായിരമോ മാത്രമാണ് ചിലർ നേടിയത്. വേറെ ചിലർ അത്രയും തുക ഒരൊറ്റ ദിവസം കൊണ്ട് നേടാവുന്ന വൻകിട എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ എത്തിപ്പെട്ടു.
ഒരേ കോഴ്സ് പഠിച്ച് ഓരേ മാർക്ക് കരസ്ഥമാക്കിയിട്ടും ഇത്ര വലിയ വ്യത്യാസം ഉണ്ടാകുന്നത് എന്തുകൊണ്ട് എന്നത് പഠന കാലത്ത് തന്നെ തിരിച്ചറിയേണ്ടതുണ്ട്.

ഏതു കോഴ്സിന് ചേർന്നാലും നിശ്ചിത തൊഴിൽ നേടിയെടുക്കുന്നതിനും ലഭിച്ച തൊഴിൽ നിലനിറുത്തുന്നതിനും കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കുന്നതിനും ആവശ്യമായ സിദ്ധികൾ കരസ്ഥമാക്കാൻ വളരെ നേരത്തെ തന്നെ ശ്രമങ്ങൾ നടത്തേണ്ടത് പരമപ്രധാനമാണെന്നർഥം.
അങ്ങനെ നൈപുണ്യങ്ങൾ ആർജിക്കാൻ എന്തൊക്കെ ചെയ്യണം ?
പുതുതായി വരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉൾപ്പെടെ, സംസ്ഥാന / കേന്ദ്ര മത്സര പരീക്ഷകൾ ഏതൊക്കെ ? രാജപാതയിലൂടെ അവ കടന്നു പോകാൻ ആവിഷ്കരിക്കേണ്ട തന്ത്രങ്ങളെന്തെല്ലാം ? അവയെക്കുറിച്ച് അടുത്ത ലക്കത്തിൽ.....

---

# ജിപ്മെറിൽ എം. ബി. ബി. എസ്. പ്രവേശനം

**ജി**പ്മെറിൽ (പുതുച്ചേരി, കാരയ്ക്കൽ ക്യാമ്പസുകളിൽ) എം.ബി.ബി.എസ്. പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു.
പുതുച്ചേരി – 150 സീറ്റ്,
കാരയ്ക്കൽ – 50 സീറ്റ്
അവസാന തീയതി : ഏപ്രിൽ 13
പ്രവേശന പരീക്ഷ : ജൂൺ 3
www.jipmer.puducherry.gov.in
കേരളത്തിലെ പരീക്ഷ കേന്ദ്രങ്ങൾ:
തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ പരീക്ഷ എഴുതാൻ മൂന്ന് കേന്ദ്രങ്ങളിലേക്ക് അപേക്ഷിക്കാം. ലഭ്യതയുടെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിക്കുന്നതാണ്.
യോഗ്യത : ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ബയോ ടെക്നോളജി. വിഷയങ്ങൾക്ക് മൊത്തം 60% മാർക്കോടെ പ്ലസ്ടു വിജയിച്ചിരിക്കണം.
പരീക്ഷ : കംപ്യൂട്ടർ അധിഷ്ഠിതമായിരിക്കും. 200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് 60 വീതം ഉണ്ടായിരിക്കും. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ് വിഭാഗങ്ങളിൽ നിന്ന് 10 വീതം ചോദ്യങ്ങളും ഉണ്ടാകും.



# വിദേശത്ത് മെഡിക്കൽ ബിരുദത്തിനു പോകുന്നവരുടെ ശ്രദ്ധയ്ക്ക്

**മെ**ഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.ഒ.സി ഉള്ളവർക്കാണ് നിലവിൽ വിദേശത്ത് മെഡിക്കൽ ബിരുദത്തിനു പോകാൻ കഴിയുന്നത്. എന്നാൽ ഇനി മുതൽ 'നീറ്റ്' കഴിഞ്ഞവർക്കു മാത്രമേ ഇങ്ങനെ പോകാൻ കഴിയുകയുള്ളൂ. അതിനുള്ള നിയമം തയ്യാറാക്കി വരുന്നു.

വിദേശത്തു നിന്നു മെഡിക്കൽ ബിരുദമെടുത്തവർക്ക് ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യണമെങ്കിൽ മെഡിക്കൽ കൗൺസിൽ നടത്തുന്ന ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ് ടെസ്റ്റ് പാസ്സാകണം.

ഏതാണ്ട് നാലിലൊന്നു പേർ മാത്രമാണ് നിലവിൽ ഈ പരീക്ഷ ജയിക്കുന്നത്. ബാക്കിയുള്ളവർ നിയമം ലംഘിച്ച് പ്രാക്ടീസ് ചെയ്യുന്നുണ്ടെന്നു സംശയിക്കുന്നു.
ഏകദേശം 7000 വിദ്യാർഥികൾ മെഡിക്കൽ ബിരുദത്തിനു വേണ്ടി വിദേശത്തേക്ക് ഓരോ വർഷവും പോകുന്നുണ്ട്.

റഷ്യ, ഉക്രൈൻ, ചൈന തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് കൂടുതലും ആൾക്കാർ പോകുന്നത്. ഡോക്ടർമാരുടെ നിലവാരത്തകർച്ച പരിഹരിക്കുന്നതിനാണ് ഇത്തരമൊരു നിയമം നടപ്പിൽ വരുത്താൻ മെഡിക്കൽ കൗൺസിൽ മുന്നിട്ടിറങ്ങിയത്.

*****

# കുട്ടികൾ ഇന്നും നല്ലവർ തന്നെ

പ്രദീപ് കുമാർ സി.എം
റിട്ടയേർഡ് പോലീസ് സൂപ്രണ്ട്, കോഴിക്കോട്.

**ചോദ്യം** – ഇന്നത്തെ കുട്ടികൾ പണ്ടുള്ളതിനെക്കാൾ മോശമായിരിക്കുന്നു എന്ന ധാരണയുണ്ട്. ഇതിലെന്തെങ്കിലും കാര്യമുണ്ടോ?

**ഉത്തരം** – എല്ലാക്കാലത്തും ഇങ്ങനെയൊക്കെ പറയാറുണ്ട്. പുതിയ തലമുറ ചില കാര്യങ്ങളിൽ വ്യത്യസ്തത കാണിക്കുമ്പോൾ പഴയ തലമുറയ്ക്ക് അത് പലപ്പോഴും ഉൾക്കൊള്ളാൻ കഴിയുകയില്ല. അപ്പോൾ അവർ തങ്ങളെ ധിക്കരിക്കുന്നു എന്ന തോന്നലുണ്ടാകുന്നു. അതിൽ നിന്നാണ് ഈ ആരോപണം ഉയരുന്നത്.

അടിസ്ഥാനപരമായി എല്ലാവരിലും ഏറിയും കുറഞ്ഞും കുറ്റവാസന കുടികൊള്ളുന്നുണ്ട്. സംസ്കാരത്തിലൂടെയും അച്ചടക്കത്തിലൂടെയുമാണ് ഇത് നിയന്ത്രണവിധേയമാക്കുന്നത്. ഒരു കാര്യം ചെയ്യരുത് എന്നു പറയുമ്പോൾ അതിനെതിരെ പ്രവർത്തിക്കാനുള്ള വാസന ചിലർക്കുണ്ടാകും. അതിന്റെ കൂടെ ചില സ്വാർഥതകൾ കൂടി കടന്നു വരുമ്പോൾ കുറ്റകൃത്യമുണ്ടാകുന്നു. അധികാരവർഗം ഇത്തരം മനോഭാവങ്ങളുള്ളവരെ സ്ഥാപിത താത്പര്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ കുറ്റവാളികളുടെ എണ്ണം കൂടുകയാണു ചെയ്യുന്നത്. കുട്ടികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും പ്രസ്ഥാനങ്ങളുടെയോ കൂട്ടുകാരുടെയോ സമ്മർദം വരുമ്പോഴാണ് കുറ്റകൃത്യങ്ങളിലേക്കോ ലഹരി ഉപയോഗങ്ങളിലേക്കോ കടന്നു പോകുന്നത്.

**ചോദ്യം** – ലഹരി ഉപയോഗം കുട്ടികളുടെ ഇടയിൽ ഇന്നു വർധിച്ചിട്ടുണ്ടോ ?

**ഉത്തരം:** എന്നു പറയാൻ കഴിയില്ല. 1970 കളിലും 80 കളിലുമൊക്കെ കോളേജുകളിൽ കഞ്ചാവടിക്കുന്നവർ ധാരാളമുണ്ടായിരുന്നു. അവരിൽ പലരും പിൽക്കാലത്ത് പഠനം നിറുത്തുകയോ രോഗികളായി മാറുകയോ ഒക്കെ ചെയ്തിട്ടുണ്ട്. ചിലരെങ്കിലും നിരാശയ്ക്കടിമപ്പെട്ടിട്ടുണ്ട്. പലവിധ സമ്മർദങ്ങൾക്കു വഴങ്ങി മയക്കുമരുന്നിനും മറ്റും അടിമപ്പെട്ടവരുടെ ജീവിതം പരാജയത്തിലേക്ക് നീങ്ങിയത് പിൻതലമുറയ്ക്കു പാഠമായി മാറിയതിനാൽ ബഹുഭൂരിപക്ഷവും ഇത്തരം വിപത്തുകളിൽ നിന്നും വിട്ടു നിൽക്കുകയാണുണ്ടായത്. എന്നാൽ ഇന്നുംചെറുതല്ലാത്ത സ്വാധീനം മയക്കുമരുന്നുകൾക്ക് വിദ്യാലയങ്ങളിലുണ്ടെന്നുള്ളത് ഒരു യാഥാർഥ്യമാണ്.

**ചോദ്യം** – ബൈക്ക് മോഷണം, മയക്കുമരുന്നുപയോഗം തുടങ്ങി കുട്ടികൾ പ്രതികളായ ചില കേസുകൾ ഇടയ്ക്കിടെ കേൾക്കാറുണ്ടല്ലോ എന്താണിതിനു കാരണം ?

**ഉത്തരം** – നാലു തരത്തിലുള്ള പരിശീലനങ്ങളും നിയന്ത്രണങ്ങളും മുൻകാലങ്ങളിൽ നമ്മുടെ ഇടയിൽ സ്വാധീനം ചെലുത്തിയിരുന്നു. മാതാപിതാക്കളുടെയും അധ്യാപകരുടേയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും തലങ്ങളായിരുന്നു അത്. ആ മേഖലകളിലൊക്കെ മുമ്പെന്നതിനേക്കാൾ നിയന്ത്രണം നഷ്ടപ്പെട്ടപ്പോൾ മൂല്യച്യുതി സംഭവിച്ചു. അതിന്റെ സ്വാഭാവിക പരിണാമമാണ് ഇന്നു നാം കാണുന്നത്. ഈ തലമുറയ്ക്ക് മൂല്യബോധം നഷ്ടപ്പെട്ടു എന്നതല്ല, ചില മൂല്യങ്ങളെ തിരിച്ചറിയാൻ കഴിയുന്നില്ല എന്നതാണ് സത്യം. ശ്രദ്ധിക്കാൻ സമയം കിട്ടാതെ വരുമ്പോൾ ഉണ്ടാകുന്ന കമ്മ്യൂണിക്കേഷൻ ഗ്യാപ് വളരെ വലുതാണ്. ഇന്റർനെറ്റും സോഷ്യൽ മിഡിയയുമാണ് ഈ സ്ഥാനത്തേക്ക് കടന്നുവരുന്നത്. വിവരങ്ങൾ നൽകുവാനേ അതിനു കഴിയുകയുള്ളു. തെറ്റും ശരിയും ചൂണ്ടിക്കാണിക്കാൻ ആരുമില്ലാതെ വരുന്നു. ഇതിനു പുറമേ, പ്ലസ് ടു കഴിഞ്ഞാൽ സ്വതന്ത്രമായ ലോകത്തേക്ക് കുട്ടികൾ ചേക്കേറുകയും ചെയ്യുന്നു. അങ്ങനെ കുടുംബത്തിൽ നിന്നും കിട്ടേണ്ടുന്ന മൂല്യങ്ങൾ സ്വാഭാവികമായിത്തന്നെ അവർക്കു നഷ്ടപ്പെടുന്നു.



മുൻകാലങ്ങളിൽ മൂല്യങ്ങൾ നൽകുന്നതിൽ പ്രമുഖ സ്ഥാനം വഹിച്ചിരുന്നത് അധ്യാപകരായിരുന്നു. അധ്യാപകർ കുട്ടികളെ ശിക്ഷിച്ചാൽ ആരും അതിനെ ചോദ്യം ചെയ്യുകയില്ലായിരുന്നു. അധ്യാപകരെ ഈശ്വരതുല്യം ബഹുമാനിച്ചിരുന്ന ഒരു കാലമായിരുന്നു അത്. ഇന്ന് ഏതോ ചില പഠനങ്ങളുടെ പേരു പറഞ്ഞ് ന്യായമായ കാര്യത്തിനും കുട്ടികളെ ശിക്ഷിക്കാൻ അധ്യാപകർക്ക് അവകാശമില്ലാതായി. അതുകൊണ്ട് റിസ്ക് എടുക്കാൻ അധ്യാപകരും മടി കാണിക്കുന്നു, കാരണം അവരും ശിക്ഷിക്കപ്പെടാം. അങ്ങനെ അവരുടെ നിയന്ത്രണവും കുട്ടികൾക്കില്ലാതായി.

**ചോദ്യം** – മതത്തിന്റെ സ്വാധീനം ഇന്നു കൂടുതലല്ലേ ? എന്നിട്ടും എന്താണ് സംഭവിക്കുന്നത്.

**ഉത്തരം** – മതങ്ങൾ സ്നേഹത്തിനും സമാധാനത്തിനുമാണ് നിലകൊള്ളുന്നതെന്ന് ഉദ്ഘോഷിക്കപ്പെടുന്നുണ്ടെങ്കിലും മതത്തിന്റെ പേരിലുള്ള സംഘർഷങ്ങളാണ് കൂടുതൽ ഹൈലേറ്റ് ചെയ്യപ്പെടുന്നത്. തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി മതത്തെ ഉപയോഗപ്പെടുത്തുക എന്നതിലുപരി മതം തരുന്ന നന്മയെ സ്വീകരിക്കുന്നവർ ഇന്ന് അധികമുണ്ടെന്നു തോന്നുന്നില്ല.

**ചോദ്യം** – രാഷ്ട്രീയത്തിന് മൂല്യാവബോധം വളർത്താൻ സ്വാധീനം ചെലുത്താൻ കഴിയാത്തത് എന്തുകൊണ്ടാണ് ?

**ഉത്തരം** – ഒരിക്കൽ രാഷ്ട്രീയത്തിന് വലിയ പങ്കു വഹിക്കാൻ കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരകാലത്തുണ്ടായിരുന്ന നേതാക്കൾ മൂല്യങ്ങൾ സൂക്ഷിച്ചിരുന്നവർ ആണ്. അവർ മറ്റുള്ളവർക്ക് മാതൃകയായിരുന്നു. ഗാന്ധിജിയുടെ ധാർമിക ശക്തിക്കു മുൻപിലാണ് ബ്രിട്ടീഷുകാർ തോറ്റു പോയതെന്ന് നാം മനസ്സിലാക്കണം. രാജ്യത്തിനു വേണ്ടി സമ്പത്തു നഷ്ടപ്പെടുത്തിയവരാണ് അന്നത്തെ നേതാക്കൾ. അവരുടെ ശിഷ്യരായി ഇന്ന് എത്രപേരെ ചൂണ്ടിക്കാണിക്കാൻ കഴിയും ?

**ചോദ്യം** – സ്റ്റുഡന്റ്സ് പോലീസ് കേഡറ്റു പോലെയുള്ളതു വ്യാപിച്ചാൽ വിദ്യാർഥി സമൂഹത്തിന് അത് നന്മയാകില്ലേ ?

**ഉത്തരം** – സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ പരിശീലനം പൂർണമാണെന്ന് പറയാൻ വയ്യ. കാരണം ഏതാനും ദിവസത്തെ പരിശീലനം മാത്രമാണ് അവർക്കു കിട്ടുന്നത്. എങ്കിൽ പോലും അവരിൽ അത് വലിയ ചലനമുണ്ടാക്കിയിട്ടുണ്ട്.

പക്ഷേ, വളരെ ചെറിയ സമൂഹത്തിനു മാത്രമാണ് ഇത്രയെങ്കിലും പരിശീലനം കിട്ടുന്നത്. എല്ലാ തലത്തിലും ഇതിന്റെ വ്യാപ്തി വർധിച്ചിരുന്നു എങ്കിൽ നല്ലതാണെന്നു തോന്നിയിട്ടുണ്ട്.

ശരിക്കും പറഞ്ഞാൽ വിദ്യാലയങ്ങളിലൂടെയുള്ള മോട്ടിവേഷൻ ഇനിയും വർധിപ്പിക്കണം.

മൂല്യങ്ങൾ രൂപം കൊള്ളേണ്ട പ്രധാന കളരി, വിദ്യാലയങ്ങൾ തന്നെയാണ്. അതിപ്പോൾ കൂടുതൽ മാർക്കു മേടിക്കുന്നതിനും കൂടുതൽ ശമ്പളം കിട്ടുന്ന ജോലി തരപ്പെടുത്തുന്നതിനും മാത്രമുള്ളതായി മാറിയോ എന്ന് സംശയമുണ്ട്.

**ചോദ്യം** – പോലീസ് ഡിപ്പാർട്ട്മെന്റിൽ ഇത്രയും കാലം ജോലി ചെയ്തതിന്റെ വെളിച്ചത്തിൽ കുറ്റവാളികളുടെ രൂപപ്പെടൽ കുറയ്ക്കുന്നതിന് വിദ്യാലയങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പങ്കു വഹിക്കാൻ കഴിയുമോ ?

**ഉത്തരം** – തീർച്ചയായും, സ്കൂളുകളിൽ സ്വഭാവ വൈകല്യമുള്ളവരെ അല്ലെങ്കിൽ ചെറിയ പ്രശ്നക്കാരെ ഒക്കെ കണ്ടെത്തുമ്പോൾ അത് ഗൗരവമായി കണ്ട് പ്രശ്നം പരിഹരിക്കണം. കൗൺസലിംഗ് നല്ലൊരു വഴിയാണ്. കുടുംബ പശ്ചാത്തലങ്ങളിൽ നിന്നാണ് പല കുറ്റവാളികളും രൂപം കൊള്ളുന്നത്. കുടുംബത്തിൽ കുറവ് വന്ന കാര്യങ്ങൾ വിദ്യാലയങ്ങളിലാണ് പരിഹരിക്കപ്പെടേണ്ടത്. മുൻകാലത്ത് കുറയൊക്കെ നടന്നിരുന്നു. വേണ്ടവിധം ശ്രദ്ധിക്കാത്തതുകൊണ്ട് പിൽക്കാലത്ത് കുറ്റവാളികളായിത്തീർന്ന പലരെയും എനിക്കറിയാം. ഏതു കാരണം കൊണ്ടാണെങ്കിലും മാതാപിതാക്കളുടെയും അധ്യാപകരുടെയും ഉദാസീനത കുറ്റവാളികളെ സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

**ചോദ്യം** – ഇന്ന് കുട്ടികളുടെ ഇടയിൽ പോണോഗ്രാഫി ഒരു പ്രശ്നമല്ലേ ? പണ്ട് എന്നതിനേക്കാൾ അശ്ലീല കലയിൽ അവർ വ്യാപൃതരാകുന്നുണ്ടോ ?

**ഉത്തരം** – ഇതിനോടുള്ള താത്പര്യങ്ങൾ പണ്ടുമുണ്ടായിരുന്നു. പക്ഷേ, അന്നത് സംലഭ്യമല്ലാത്തതു കൊണ്ട് കുറേപ്പേരെങ്കിലും അതിൽ നിന്നും മാറിനിൽക്കുമായിരുന്നു. ഇന്ന് മൊബൈലിൽ എല്ലാം ലഭിക്കുമെന്നതിനാൽ സഭ്യമല്ലാത്തവ ചെറിയ പ്രായത്തിൽ തന്നെ കൂടുതലാളുകളിൽ എത്തിപ്പെടുന്നു. ഓരോ കാലത്തുമുള്ള സമൂഹത്തിന്റെ പൊതുബോധവും ഇതിനു കാരണമാണ്. ചില കാലങ്ങളിൽ സഭ്യമായിരുന്നത് മറ്റു ചില കാലങ്ങളിൽ അസഭ്യമാകുന്നു. കുറെ വർഷങ്ങൾക്കുമുൻപ് നാഗാലാൻഡിൽ മറ്റു ഗോത്രങ്ങളിൽപ്പെടുന്നവരുടെ തല വെട്ടുമായിരുന്നു. അവരതിനെ തെറ്റായികണ്ടിരുന്നില്ല. സമൂഹം ഒരു നിയമം ഉണ്ടാക്കിയാൽ അതിനെ ലംഘിക്കുന്നതാണ് കുറ്റമെന്ന് പറയുന്നത്. റോഡുനിയമങ്ങൾ, പരിസരശുചീകരണം തുടങ്ങിയവയ്ക്കൊക്കെ ചെറുപ്പം മുതൽക്കേ വിദ്യാലയങ്ങളിൽ ബോധവത്ക്കരണം കൊടുക്കണം. ഇതിന്റെ അഭാവമാണ് ഇത്രയധികം റോഡപകടങ്ങൾക്കും പരിസരമലിനീകരണത്തിനും കാരണം.

***കോഴിക്കോട് പോലീസ് സൂപ്രണ്ടായിരുന്ന പ്രദീപ് കുമാർ സി.എം ഇപ്പോൾ എൽ.എൽ.ബി. പൂർത്തിയാക്കി ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു.***

# ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രീസ് (HOSPITALITY INDUSTRIES)



**എൻ ജി മേനോൻ**

ഇന്ന് ടൂറിസം മേഖല ലോകമെങ്ങും സീമകളില്ലാത്ത മറ്റെല്ലാ വ്യവസായങ്ങളെക്കാൾ വളരെ വേഗത്തിൽ വളർന്നു കൊണ്ടിരിക്കുകയാണ്. ഇന്ന് ഹോട്ടലും അതുപോലെ തന്നെ റിസോർട്ടുകളും ഈ വ്യവസായത്തിന് ഒഴിച്ചു കൂടാനാവാത്ത ഒരു ഭാഗമായിത്തീർന്നിരിക്കുന്നു. വളരെ ഉയർന്ന നിലവാരത്തിലുള്ള മാനവികശേഷിയാണ് ഈ സേവന വ്യവസായരംഗത്തിന്റെ വിജയരഹസ്യം.

ഈ രംഗത്തെ ഉദ്യോഗാർഥികൾക്ക് വളരെ മാന്യമായ സംഭാഷണശൈലിയും, ആകർഷണീയമായ രൂപഭാവവും, ആത്മാർഥതയുള്ള പ്രവർത്തന ശൈലിയും ആവശ്യമാണ്. ഏതു പ്രതികൂല സാഹചര്യമാണെങ്കിലും പുഞ്ചിരിയോടെ നേരിടാനുള്ള മനഃസാന്നിധ്യം ഉദ്യോഗാർഥികൾക്ക് ആവശ്യമുണ്ട്. അതുകൊണ്ടുതന്നെ ഈവിധ ഗുണനിലവാരമുള്ള ഉദ്യോഗസ്ഥർക്ക് ആകർഷണീയമായ വേതനവും മറ്റു സൗകര്യങ്ങളും ലഭ്യമാണ്.

ഒരു ഹോട്ടൽ അല്ലെങ്കിൽ റിസോർട്ടിനു സൗകര്യപ്രദമായ താമസം, സ്വാദിഷ്ടവും ആരോഗ്യകരമായ ഭക്ഷണം, ശാരീരികവും മാനസികവുമായ ഉല്ലാസത്തിനുള്ള സൗകര്യങ്ങൾ, ഗതാഗത സൗകര്യം, ചികിത്സാ സൗകര്യം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഒഴിച്ചു കൂടാനാവാത്തതാണ്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഈ സൗകര്യങ്ങളുടെ മാറ്റ് അനുസരിച്ചാണ് ഹോട്ടലുകൾക്ക് ഓരോ പദവികൾ നല്കുന്നത്. ഏഴു നിലവാരങ്ങളിലാണ് ഇത്തരം ഹോട്ടലുകൾ നിലവിലുള്ളത്.

ഏക നക്ഷത്ര ഹോട്ടലുകൾ മുതൽ പഞ്ചനക്ഷത്ര ഡീലക്സ് ഹോട്ടലുകൾ വരെ രാജ്യമെങ്ങും നിലകൊള്ളുന്നു.

ഇത്തരം ഹോട്ടലുകൾ, റിസോർട്ടുകൾ, ഉല്ലാസ നൗകകൾ തുടങ്ങിയവയിലേക്ക് ജോലി തേടുന്ന ഉദ്യോഗാർഥികൾക്ക് ഈ സേവന വ്യവസായ രംഗത്തിലെ പരിശീലനം ഇന്ന് നമ്മുടെ നാട്ടിലെ വിവിധ സർവകലാശാലകൾക്കു കീഴിലുള്ള അംഗീകൃത കലാലയങ്ങളിൽ ലഭ്യമാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ BSc. In Hotel Management & Catering Science (3 വർഷ ബിരുദം) Bachelor in Hotel Management (4 വർഷ ബിരുദം) വിവിധ കലാലയങ്ങളിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറി പാസ്സായവർക്ക് ഈ കോഴ്സുകളിൽ ചേരാവുന്നതാണ്.

100 ശതമാനവും ജോലി ഉറപ്പായ ഈ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പകളും ലഭ്യമാണ്. കൂടാതെ പഠിക്കുമ്പോൾ തന്നെ പാർട്ട് ടൈം ജോലി ചെയ്യാനുള്ള അവസരമുണ്ട്. വിദ്യാഭ്യാസത്തോടൊപ്പം ഈ സേവന വ്യവസായത്തിലെ പ്രായോഗിക പരിജ്ഞാനവും ഇതു വഴി കരസ്ഥമാക്കാൻ കഴിയുന്നു.

(തുടരും).

## ഫൂട്ട്സ്റ്റെപ്പ്സ് പ്രകാശനം ചെയ്തു

ഫൂട്ട്സ്റ്റെപ്പ്സ് ന്യൂസ്പേപ്പർ 2018 ഫെബ്രുവരി 22 ന് കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ വച്ച് പ്രകാശനം ചെയ്തു. പ്രമുഖ ചരിത്രകാരൻ ഡോ.എം.ജി.എസ്. നാരായണൻ, പ്രശസ്ത ജേർണലിസ്റ്റ് ശ്രീ കുഞ്ഞിക്കണ്ണൻ വാണിമേലിനു നൽകിക്കൊണ്ടാണ് ആദ്യപ്രതി പ്രകാശനകർമ്മം നിർവഹിച്ചത്. ഫൂട്ട്സ്റ്റെപ്പ്സിന്റെ ഓൺലൈൻ എഡിഷൻ സിനിമാതാരം ശ്രീ സ്പടികം ജോർജ്ജ് നിർവഹിച്ചു. ഫൂട്ട്സ്റ്റെപ്പ്സ് പബ്ലിഷർ ഷിബു ജോസഫ് കോട്ടായിൽ, ചീഫ് എഡിറ്റർ സണ്ണി കോക്കാപ്പിള്ളിൽ, ടോമി ജോസഫ്, ജെസ്സി ഷിബു, ജോസ് ജോൺ പേരയിൽ എന്നിവർ പ്രസംഗിച്ചു.

**നിങ്ങൾക്ക് എന്തെങ്കിലും മാനസിക പ്രശ്നങ്ങളുണ്ടോ?** പരീക്ഷാഭയം, നിരാശ, ആകുലത, ഉൾവലിയുന്ന സ്വഭാവം മുതലായവ. നിർദേശങ്ങൾക്കു വിളിക്കുക. ഫോൺ: 8078000111

**ഏതു കോഴ്സിനാണ് ചേരേണ്ടത്?** തീരുമാനമെടുക്കാൻ കഴിയുന്നില്ലെങ്കിൽ വിളിക്കുക. ഫോൺ: 8078000111

# ഏഴ് ഉന്നത ധാർമിക മൂല്യങ്ങൾ

**- കൃപകുമാർ**

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ആധുനിക ജീവിതത്തിൽ മാനുഷിക മൂല്യങ്ങൾക്കു ശോഷണം വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇന്നു നാം കടന്നുപോകുന്നത്. ഇതിന്റെ കാരണമന്വേഷിച്ചുപോകുമ്പോൾ നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചില പോരായ്മകളാണ്. വിഷയത്തിനും കോഴ്സിനും പ്രാധാന്യം കൊടുത്തപ്പോൾ ആദിമുതലുണ്ടായിരുന്ന മൂല്യാവബോധത്തിനു ശോഷണം സംഭവിച്ചു. ഏതു മനുഷ്യന്റെയും വ്യക്തിത്വത്തിനു മാറ്റു വർധിക്കുന്നത് ഉന്നത ജീവിതമൂല്യങ്ങൾ അവൻ പുലർത്തുമ്പോഴാണ്. ആയതിനാൽ ഈ ജീവിതമൂല്യങ്ങൾ എന്താണെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

**ഉപാധികളില്ലാത്ത സ്നേഹവും കരുണയും:** ഇന്നു മാധ്യമങ്ങളിലൂടെ പലപ്പോഴും ഞെട്ടിക്കുന്ന വാർത്തകൾ കേൾക്കുന്നു. പൈശാചികവും മൃഗീയവുമായ അത്തരം സംഭവങ്ങൾ നൊമ്പരമുണർത്തുന്നവയാണ്. സ്നേഹത്തിന്റെയും കരുണയുടെയും അഭാവമാണ് ഇത്തരം കൃത്യങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ളത്.

**സത്യസന്ധത:**
സത്യമെവിടെ? ദൈവമെവിടെ? എന്നു പാടിയത് മഹാകവി വയലാർ ആണ്. വിദ്യാർഥികൾക്ക് സത്യസന്ധതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാൻ അവരെ പരിശീലിപ്പിക്കുന്ന അധ്യാപകർ ശ്രദ്ധിക്കണം. തിരിച്ചറിവിന്റെ അഭാവമാണ് പലപ്പോഴും കള്ളവും ചതിയുമുള്ളവരായി ചിലരെങ്കിലും മാറുന്നതിന് കാരണം.

**കഠിനാധ്വാനം:**
വിജയത്തിന്റെ രഹസ്യം ഒരു ശതമാനം പ്രചോദനവും 99 ശതമാനം വിയർപ്പൊഴുക്കലുമാണ്. ഒരു കഠിനാധ്വാനിഒരിക്കലുംപരാജയമറിയുന്നില്ല. നൂറുകണക്കിനു പരാജയത്തിനുശേഷമാണ് എഡിസൺ ബൾബുണ്ടാക്കുന്നതിൽ വിജയിച്ചത്. ജനങ്ങളുടെ ബുദ്ധിശക്തിക്ക് കേൾവികേട്ട നാടാണ് ഭാരതം. എന്നാൽ അതിനനുസരിച്ചുള്ള ഒരു വിജയം നമുക്കവകാശപ്പെടാൻ കഴിയുന്നില്ല. അതിന്റെ കാരണം അന്വേഷിച്ചു ചെല്ലുമ്പോൾ മനസ്സിലാകുന്നത് നമ്മൾ അലസരാണ് എന്നതിലേക്കാണ്.

**മറ്റുള്ളവരെ ബഹുമാനിക്കുക:**
മറ്റുള്ളവരോട് ആദരവോടെ പെരുമാറുമ്പോഴാണ് യഥാർഥത്തിൽ നാമും ആദരിക്കപ്പെടുന്നത്. വ്യക്തികളെ മാത്രമല്ല, ദേശങ്ങളെയും മതങ്ങളെയും വർഗങ്ങളെയും തത്ത്വചിന്തകളെയും വിവിധ ജീവിതശൈലികളെയും നാം ബഹുമാനിക്കണം.

**സഹകരണം:**
ഐക്യമത്യംമഹാബലംഎന്നവാക്യം എത്ര സത്യമാണ്. സഹകരണത്തിലൂടെ നാം ശക്തി പ്രാപിക്കുകയും പുതിയ ചിന്തകൾക്കും സാധ്യതകൾക്കും സന്നദ്ധരാക്കിഎല്ലാവർക്കും വിജയം കൈവരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

**ആർദ്രത:**
കരുണയുടെ മൂർത്തിഭാവമാണ് ആർദ്രത. അതിലൂടെ നമുക്ക് മറ്റുള്ളവരുടെ വേദനകളും യാതനകളും മനസ്സിലാക്കാനും അത് മാറ്റാനുള്ള പ്രേരണ ഉണ്ടാകുകയും ചെയ്യും. പട്ടിണിയും ദാരിദ്ര്യവുമൊക്കെ നമ്മുടെ നാട്ടിൽ നിന്നും തുടച്ചു നീക്കണമെങ്കിൽ ആർദ്രതയെന്ന ഗുണം നമ്മിൽ കുടികൊള്ളണം.

**ക്ഷമ:**
ഒരാൾ കുറ്റാരോപിതനാകുമ്പോൾ സ്വാഭാവികമായിത്തന്നെ അയാൾ കോപിഷ്ഠനാകാം. എന്നാൽ അയാൾ കുറ്റങ്ങൾക്ക് ക്ഷമ കൊടുക്കുമ്പോൾ കുറ്റം ഉന്നയിച്ച വ്യക്തി തന്റെ തെറ്റുകൾ മനസ്സിലാക്കുകയും തന്റെ തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യാൻ സന്നദ്ധനാവുകയും ചെയ്യും. ഈ തത്ത്വമാണ് യേശു ക്രിസ്തു തന്റെ ജീവിതത്തിലൂടെവെളിപ്പെടുത്തിയത്.


ADMISSION STARTED
www.alphonsacollege.com
alphonsagroup
• B.Sc Hotel Management • B.Sc Psychology
• B.Com • Executive Diploma in Hotel Management
St.Alphonsa Group of Institutions
Corporate Office: Chungam, West Hill, Calicut - 673005
Centres @ Calicut, Mannarkkad, Trivandrum
Mob: 9400696969, 9400929292



Printed Published and Edited by Shibu Joseph Kottayil, Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam P.O, Chevayur, Calicut, Kerala – 673017. Printed at Redstar Printers and Publishers, 4/551, Joseph Road, Calicut, Kerala – 673032. Place of publication : Blessed Chavara Building, Chungam, West Hill P.O, Calicut, Kerala 673005.